Kerala Infrastructure and Technology for Education
Presents



# ഒളി

KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
PRESENTS

# ഒളി

## ഡിജിറ്റൽ മാസിക

## 2019-20

# ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂൾ
# മംഗലം

**ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം.**



## സന്ദേശം

മംഗലം ഗവ ഹയർസെക്കന്ററി ലിറ്റിൽ കൈറ്റ്സ് വിദ്യർത്ഥികൾ ഒളി എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തായ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. സാധാരണയായി സ്കൂൾ തലങ്ങളിൽ കണാറുള്ള കയ്യെഴുത്ത് മാഗസിനുകളിൽ നിന്നും ഭിന്നമായി ഡിജിറ്റൽ  മാഗസിൻ തയ്യാറാക്കാനുള്ള ഈ ഉദ്യമം സർവ്വാതമനാ അഭിനാർഹമാണ്.നൈസർഗ്ഗിക വാസനകളെ അഭിവൃദ്ധിപ്പെടുത്താൻ വിവരസാങ്കേതികതയുടെ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നത്, കാലോചിതവും, ദീർഘവീക്ഷണമുള്ളതുമായ ചുവടുവയ്പ്പാണ്. പൊതുവിദ്യാലയങ്ങൾ ഹൈടെക് ആകുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രസക്തി പതിന്മടങ്ങാകുന്നു. ആയതിനാൽ ഒളി അണിയിച്ചൊരുക്കിയ കുട്ടികൾക്കും കൈത്താങ്ങായ അധ്യാപകർക്കും മറ്റെല്ലാ അണിയറ പ്രവർത്തകർക്കും ഹൃദ്യമായ ആശംസകൾ.

പ്രസന്നകുമാരി

പ്രിൻസിപ്പിൾ

## <u>സന്ദേശം</u>



മംഗലം ഗവ: ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ കൈറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു മാഗസിൻ പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. IT സംബന്ധമായ കഴിവുകൾ പുറത്ത് കൊണ്ടുവരുവാനുള്ള ഒരു ഉപാധിയായി മാറട്ടെ. എല്ലാവിധ ആശംസകളും  നേരുന്നു.

അബ്ദുൽ ഹമീദ്. കെ
ഹെഡ്മാസ്റ്റർ

## <u>സന്ദേശം</u>



വിജ്ഞാനം വിരൽതുമ്പിൽ വിവരസാങ്കേതിക വിദ്യയുടെ അപൂർവ്വ പൂർവ്വമായ വളർച്ചയിൽ നമ്മൾ അഭിമാനിക്കുന്നു. IT മേഖലയിലെ അനന്ത സാദ്ധ്യതകളെ കുറിച്ച് അറിയാൻ നമ്മുടെ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പ് ഒരുക്കിയ 'ലിറ്റിൽ കൈറ്റ്സിലൂടെ ' മികവ് തെളിയിച്ച എല്ലാ പ്രതിഭകളേയും അഭിനന്ദിക്കുന്നു.

ആശംസകളോടെ,

SMC CHAIRPERSON
പ്രസീതകുമാരി

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# എഡിറ്റോറിയൽ

## ഹൃദയമൊഴി

ഒളി ഹൃദയപൂർവ്വം സമർപ്പിക്കുന്നു. മാനവ മഹത്വബോധം കുരുന്നു മനസ്സുകളിൽ സർഗ്ഗചൈതന്യമായി നിറയുകയാണ് ഈ അക്ഷര പൂച്ചെടിയുടെ ലക്ഷ്യം. മനുഷ്യമനസ്സുകളിൽ മാറ്റത്തിന്റെ അലയൊലികൾ സൃഷ്ടിക്കുവാൻ എക്കാലവും സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയുടെ കടന്നുവരവോടെ വളരെ അധികം സുതാര്യമായി മാറിക്കഴിഞ്ഞു. ആ മാറ്റം ഹൃദത്തിലേറ്റുവാങ്ങിയ കുരുന്നുമനസ്സുകൾ ലാളിത്യത്തോടെ അതാവിഷ്ക്കരിക്കാൻ ശ്രമിക്കുകയാണ്. അവരാണ് ഈ ആയിരച്ചെടിയിലെ പൂക്കൾ. അവയുടെ സുഗന്ധം ആസ്വദിക്കുവാൻ ഏവരേയും സ്നേഹപ്പൂർവ്വം നിർബന്ധിക്കുന്നു. കുറ്റമറ്റതാണ് ഇതിലെ രചനകൾ എന്ന് അവകാശപ്പെടുന്നില്ല. നിങ്ങളുടെ ധൈഷണികമായ ചർച്ചകൾക്കും വിലയിരുത്തലുകൾക്കുമായി ഒളി സമർപ്പിക്കുകയാണ്. ഹൃദയപ്പൂർവ്വം സ്വീകരിച്ചാലും.




# ഉള്ളടക്കം

## കവിത


9 അധ്യാപകർ
ദേവപ്രിയ

10 അമ്മ
അമീന

11 വായന
അഞ്ജലി. എൽ

42 POETRY

43 SONG OF THE FLOWER


## ലേഖനം


12 ബുദ്ധിമതിയായ കുട്ടി
ദേവപ്രിയ

13 വികൃതിക്കുട്ടൻ കുട്ടു
ആദിത്യൻ ആർ

14 വിദ്യാലയം

15 ശ്രദ്ധയില്ലാത്ത ജാക്ക്
സ്നേഹ സലീം

16 കൃഷിചൊല്ലുകൾ

18 ഗണിതചൊല്ലുകൾ

20 പൊതുവിദ്യാലയത്തിന്റെ മികവ് ഹൈടെക്കിലൂടെ
ഷീബ ടീച്ചർ

22 ഭാഷയുടെ പരിണാമം സൈബർ ഇടത്തിൽ
ബിന്ദു ടീച്ചർ

26 സ്പേസ് ക്ലബ്

27 സ്റ്റുഡൻസ് പോലീസ്
ഹബീബ് റഹ്മാൻ

30 സ്കൂൾ കൗൺസിലിങ്ങ്
ശിമി ജോർജ്

31 ആറാട്ടുപുഴ- പ്രാദേശിക ചരിത്രം


## QUOTES


44 MOTIVATIONAL QUOTES


ഒളി

# ചരിത്രപഥം

## ആമുഖം



തോട്ടപ്പള്ളി മുതൽ വലിയഴീക്കൽ വരെയുള്ള തീരദേശ മേഖലയിലെ വിദ്യാലയങ്ങളിൽവെച്ച് ഏറ്റവും പ്രധാന സ്ഥാപനമാണ്. മംഗലം ഗവ ഹയർസെക്കന്ററി സ്കൂൾ ആയരിത്തിഅഞ്ഞൂറിൽ പരം വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനം ഇതര ഗവ ഹൈസ്കൂളുകൾ നിന്നും പഠനനിലവാരത്തിലും വിദ്യാർത്ഥികളുടെ എണ്ണത്തിലും വളരെ മുമ്പന്തിയിൽ നിൽക്കുന്നു. തീരദേശമേഖലയിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും മക്കളാണ് വിദ്യാലയത്തിലെ ഭൂരിഭാഗം വിദ്യാർത്ഥികളും ഇതര ഗവ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുമ്പോഴും ഈ സ്ഥാപനത്തിൽ ഡിവിഷനുകൾ ഒന്നും നഷ്ടപ്പെടാതെ നിലനിൽക്കുന്നു. മംഗലം ഇടക്കാട് ജ്ഞാനേശ്വരം ക്ഷേത്രത്തോടടുത്ത് സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം പ്രകൃതിസൗന്ദര്യം കൊണ്ടും രമണീയമാണ്.

## വിദ്യാലയത്തിന്റെ സ്ഥാനം.

അറബിക്കടലിനും കായംകുളം കായലിനുമിടയ്ക്ക് തൃക്കുന്നപ്പുഴയ്ക്കും ആറാട്ടുപുഴയ്ക്കും മധ്യേ ആറാട്ടുപുഴ പഞ്ചായത്തിൽ ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. വടക്ക് പല്ലന മുതലും തെക്ക് തറയിൽക്കടവ് വരെയും കിഴക്ക് കാർത്തികപ്പള്ളി വരെയുമുള്ള സ്ഥലങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികൾ ഈ സ്കൂളിൽ പഠിക്കുന്നു.

## വിദ്യാലയസംക്ഷിപ്ത ചരിത്രം.

ഈഴവരാദി പിന്നോക്ക സമുദായങ്ങൾക്ക് സ്കൂൾ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ 1802 ൽ ഈഴവക്കുടി പള്ളിക്കൂടം എന്ന പേരിൽ ആരംഭിച്ച വിദ്യാലയമാണ് ഇന്ന് മംഗലം ഗവ.ഹയർസെക്കന്ററി സ്കൂളായി വളർന്ന് നിൽക്കുന്നത്. വളരെക്കാലം പ്രദേശത്തെ കുട്ടികൾക്ക് അക്ഷരാഭ്യാസം നൽകിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനം 1854 ൽ സർക്കാർ ഏറ്റെടുത്ത അന്നുമുതൽ മംഗലം സർക്കാർ മലയാളം സ്കൂൾ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ലോവർ പ്രൈമറി സ്കൂളായി തുടങ്ങിയ സ്ഥാപനം 1908 ൽ ഏഴാം ക്ലാസുവരെയുള്ള യുപി സ്കൂളായി ഉയർത്തപ്പെട്ടു. തുടർന്ന് ശ്രീ. പട്ടംതാണുപിള്ള മുഖ്യനായ മന്ത്രിസഭയിലെ ഗതാഗതമന്ത്രിക്കും ഈ  സ്ഥലവാസിയുമായിരുന്ന ശ്രീ.എ. അച്യുതൻ വക്കീലവർകളുടെ ശ്രമഫലമായി 1951-52 ൽ എട്ടാം ക്ലാസ്സും 1952-53 ൽ ഒൻപതാം ക്ലാസ്സും (5) 1953-54 ൽ പത്താം ക്ലാസ്സും (6) സർക്കാർ അനുവദിക്കുകയുണ്ടായി. അങ്ങനെ ആദ്യം എസ്. എസ്. എൽ. സി ബാച്ച് 1954 മാർച്ചിൽ പരീക്ഷയെഴുതി ഭേദപ്പെട്ട വിജയം കൈവരിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ആലപ്പുഴ ജില്ലയിലെ സ്കൂളുകളിൽ വിജയശതമാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽത്തന്നെയാരുന്നു. തുടക്കത്തിൽ ഹെഡ്മാസ്റ്ററുടെ ചാർജ്ജ് ശ്രീ വാസുദേവപ്പണിക്കർ സാറിനായിരുന്നു (ചിങ്ങോലി) ഹൈസ്കൂൾ പൂർത്തിയായപ്പോൾ ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. ജോൺസാർ (മാവേലിക്കര) നിയമിതമായി. അദ്ദേഹം ഈ സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ച് മഹനീയ വ്യക്തിത്തിന്റെ ഉടമയാണ്. പൂർത്തീകരണത്തിന് ആവശ്യമായ പണം സംഭരിക്കുന്നതിനും സ്കൂളിന്റെ വിദ്യാഭ്യാസ നിലവാരം അച്ചടക്കം ഇവ ഉയർത്തുന്നതിനും വളരെയധികം ത്യാഗം സഹിച്ചിട്ടുണ്ട് വിലമതിക്കാൻ പറ്റാത്തത്ര സേവനമാണ് അദ്ദേഹം ഈ സ്കൂളിനും നാടിനും നൽകിയിട്ടുള്ളത്. മാനത്തിന്റെ കാര്യത്തിൽ മുൻപന്തിയിൽത്തന്നെയായിരുന്നു. തുടക്കത്തിൽ ഹെഡ്മാസ്റ്ററുടെ ചാർജ്ജ് ശ്രീ. വാസുപ്പണിക്കർ സാറിനായിരുന്നു (ചിങ്ങോലി) ഹൈസ്കൂൾ പൂർത്തിയായപ്പോൾ ആദ്യ ഹെഡ്മാസ്റ്ററായി ശ്രീ. ജോൺസാർ (മാവേലിക്കര) നിയമിതനായി. അദ്ദേഹം ഈ സ്കൂളിന്റെ അഭിവൃദ്ധിക്കുവേണ്ടി അഹോരാത്രം പ്രയത്നിച്ച മഹനീയ വ്യക്തിതിത്തിന്റെ ഉടമയാണ്. പൂർത്തിയാകാതിരുന്ന കെട്ടിടത്തിന്റെ പണിപൂർത്തീകരണത്തിന് ആവശ്യമായ പണം സംഭരിക്കുന്നതിനും വളരെയധികം ത്യാഗം സഹിച്ചിട്ടുണ്ട്. വിലമതിക്കാൻ പറ്റാത്തത്ര സേവനങ്ങളാണ് അദ്ദേഹം ഈ സ്കൂളിനും നാടിനും നൽകിയിട്ടുള്ളത്.

## അദ്ധ്യാപകർ



ഞാനോർക്കുന്ന എൻ വിദ്യാലയം
എത്ര മനോഹരം എൻ വിദ്യാലയം
മാതൃസ്നേഹമേകം എന്നമ്മയാണ്
എൻ അദ്ധ്യാപകർ

പിതാവിനെപ്പോലെ തെറ്റ് തിരുത്തി
പാഠങ്ങൾ ചൊല്ലിത്തരുന്ന അദ്ധ്യാപകർ
സഹോദരങ്ങളെപ്പോലെ കൂടെ നിൽക്കുമെൻ
സുഹൃത്തുക്കൾ എന്നിലെ ഇരുട്ട് നിക്കുമെൻ അദ്ധ്യാപകർ

എന്നുമെൻ ഉള്ളിലെ ഇരുട്ട് നീക്കി
നന്മയും സ്നേഹവും പകർന്നിട്ടുന്നോൻ
അളവറ്റ സ്നേഹം പകർന്നിടുമ്പോൾ

എത്ര നോവിച്ചാലും സ്വയം
നോക്കുന്നൊരു മനസ്സുള്ള എൻ അദ്ധ്യാപകർ

ഞാനോർക്കുന്ന എൻ വിദ്യാലയം
എത്ര മനോഹരം എൻ വിദ്യാലയം
മാതൃസ്നേഹമേകം എന്നമ്മയായ്
എൻ അദ്ധ്യാപകർ

ദേവപ്രിയ
IX-C

## അമ്മ



നോവിന്നെരുതീയിൽ സ്നേഹപ്രഹർഷമായി

പെറ്റിട്ടു ഭൂമിയിലെന്നെയമ്മാ......

നോവെന്ന വാക്കിന് തുല്യയാണെന്നമ്മ

വാത്സല്യവാരിധിയമ്മാ....

മെഴുകുപോലുരുകുന്ന മക്കൾക്ക് വേണ്ടി

ഉരുകിയാൽ തീരാത്ത സ്നേഹമായി

പിച്ചവെച്ചീടുവിനച്ഛനെയോർക്കുവാൻ

നെയിവിളക്കായി നിൽപ്പതമ്മാ....

ഒട്ടേറെ ദുഃഖങ്ങളുള്ളിൽ സഹിച്ചാലും

പൊട്ടിവിടരുന്ന പുഞ്ചിരിപോൽ

നിൽക്കുന്നെരമ്മയ്ക്ക് നൽകുവാനെൻ

പക്കലൊത്തിരി സ്നേഹമേ ബാക്കിയുള്ളൂ

ഒത്തിരി സ്നേഹമേബാക്കിയുള്ളൂ

വേദന ഏറെ സഹിച്ചെന്റെ പൊന്നമ്മ

താലോലം പാടി ഉറക്കുന്നു എന്നെ

താലോലംം പാടി ഉറക്കുന്നു

അമീന

IX-A

## <u>വായന</u>



ചിതലരിക്കുന്ന എന്റെ ചിന്തകളിൽ
എപ്പോഴും വായന എന്ന മൂന്നക്ഷരം മാത്രം

മൂന്നാം വയസ്സിൽ എൻ ചൂണ്ടുവിരൽ
അമർത്തി എഴുതിയ എന്റെ മലയാളം

മഴവില്ല് പോലെ എൻ മനസ്സിൽ
തെളിയുന്ന വായനെ നീ എന്റെ കൂട്ടുകാരൻ

ബാല്യത്തിൽ എൻ കൂടെ കളിച്ച്
പിരിയാതെ അകലാതെ എൻ പ്രിയ കൂട്ടുകാർ

എന്നിലെ ഓരോ ചിന്തകളെ ഉണർത്തി
നാവിൽ ഉണർത്തിയാ മൂന്ന് അക്ഷരം

അഞ്ജലി എൽ
X-C

## ബുദ്ധിമതിയായ കുട്ടി.

ഒരിടത്ത് ഒരു സ്കൂളിൽ രമ്യ എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവൾ പഠിക്കാൻ വളരെ മിടുക്കിയാണ്. എന്നാൽ അവൾ ഒരു പാവപ്പെട്ട വീട്ടിലാണ് അവൾക്ക് ജനിച്ച് വളർന്നത്. അവൾക്ക് മറ്റ് നിരവധി സ്വപനങ്ങൾ  ഉണ്ട്. എന്നാൽ അവളുടെ അച്ഛൻ ഒരു കൂലിപ്പണിക്കാരനാണ് അതിനാൽ കൂടുതൽ ക്ലബുകളിൽ ചേരാനോ ഉയർന്ന പഠനം പൂർത്തിയാകാതെ കഴിഞ്ഞില്ല അവർക്ക് പിന്നിട് സ്കൂളിൽ പോകാൻ കഴിഞ്ഞില്ല  അവൾ ഒരുപാട് വിഷമിച്ചു കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവളുടെ ടീച്ചറും കൂട്ടുകാരും കൂടി അവൾക്ക് നിരവധി സഹായങ്ങൾ ചെയ്തു കൊടുത്തു. കുട്ടികൾ ചേർന്ന് നിരവധി ഫണ്ട് പിരിച്ച് അവളുടെ വിദ്യാഭ്യാസത്തിന് ചെലവ് വഹിക്കാൻ നൽകി. അവൾക്ക് അതിൽ നിന്ന് ലഭിച്ച സന്തോഷം പറഞ്ഞറിയിക്കാൻ വയ്യാതെയായി അവളുടെ അച്ഛൻ കൂലിപ്പണിക്കാരൻ ആയതിനാൽ ആ സ്കൂളിലെ പല കുട്ടികൾക്കും അവളോട് അകൽച്ച കാണിച്ചു അവൾക്ക് അത് താങ്ങാവുന്നതിനും അപ്പുറമായിരുന്നു എന്നാൽ ആ കൂട്ടത്തിലെ ചിലർ തന്നെ അവൾക്ക് സമ്മാനം നൽകി. അത് അവളെ കൂടുതൽ സന്തോഷിപ്പിച്ചു. അവളുടെ അച്ഛനും ആക്കാര്യത്തിൽ സന്തോഷം തോന്നി.

പണ്ട് അവളെ മറ്റുള്ളവർ അകൽച്ചയോടെ നോക്കിയപ്പോൾ അവളുടെ അച്ഛൻ പറഞ്ഞിരുന്നു. "ഇപ്പോൾ നമ്മളെ ഇങ്ങനെ നോക്കുന്നവർ ഒരിക്കൽ നമ്മളെ ആരാധനയോടെ നോക്കും"  എന്ന് അത് അവൾ ആ സമയം ആലോചിച്ചു ആ ഉപദേശം കൊണ്ട് അവൾ അവളുടെ ലക്ഷ്യത്തിലെത്തി. പിന്നീട് അവൾക്ക് ശമ്പളമായി ലഭിച്ചിരുന്ന തുകയിൽനിന്നും നിന്നൊരു പങ്ക് അവൾ തന്റെ പഴയ കൂട്ടുകാർക്ക് സമ്മാനമായി നൽകി.

**" എത്ര വലിയ ജോലി ലഭിച്ചാലും തന്നെ സഹായിച്ചവരെ മറക്കരുത് "**

ദേവപ്രിയ. പി

IX-C

## വികൃതിക്കുട്ടൻ കുട്ടു.

ഗുണപാഠ കഥ

സ്കൂളിലെ ഒരു ദിവസം കുട്ടികളെല്ലാം എത്തിത്തുടങ്ങി അതോടൊപ്പം തന്നെ സ്കൂളിലെ ഏറ്റവും വികൃതിയായ കുട്ടു എന്ന വിദ്യാർത്ഥിയും എത്തി. എല്ലാ സമയവും അവൻ ക്ലാസ്സിന് പുറത്താണ് ഉണ്ടായിരിക്കുക. സ്കൂളിലെ എല്ലാ കുട്ടികളെയും അവൻ പറ്റിക്കുകയും ചെയ്യും. പിന്നെ പിന്നെ അവൻ ഓരോ കുട്ടികളെയും അവൻ ഉപദ്രവിക്കാനും തുടങ്ങി. കുട്ടുവിന് കളിച്ചു രസിച്ച് നടക്കാനാണ് ഇഷ്ടം. വീട്ടിൽ ആരൊക്കെ എന്തൊക്കെ പറഞ്ഞാലും അവൻ കയർത്ത് സംസാരിക്കും. അതുകാരണം ആരും അവനെ ഉപദേശിക്കാൻ പോകാറില്ല. വികൃതിയായത് കൊണ്ട് അവന് ആരും തന്നെ കൂട്ടുകാരായിയില്ലായിരുന്നു. അവന്റെ ക്ലാസ്സിൽ തന്നെ അവൻ വല്ല്യ ഒരു ശത്രുത തന്നെ സമ്പാദിച്ചു. അലസത കാരണം ക്ലാസ്സിൽനിന്ന് പലതവണ ഇറക്കിവിട്ടിട്ടുണ്ട്. ക്ലാസ്സിലെ കുട്ടികൾക്കും അവനെ അത്ര ഇഷ്ടമായിരുന്നില്ല, ടീച്ചർമാരും അവനെക്കൊണ്ട് തോറ്റു. വികൃതിയായിരുന്നുവെങ്കിലും അവന് ചീത്തക്കൂട്ടുകെട്ടുകൾ ഇല്ലായിരുന്നു. പക്ഷെ അവൻ പഠിക്കാൻ താൽപര്യമുണ്ടായിരുന്നു. പക്ഷെ, അവന്റെ അലസത അവനുതന്നെ ദോഷമുണ്ടാവുകയാണു ചെയ്തത്. അവനൊരു ചേട്ടനുണ്ടായിരുന്നു. പക്ഷെ, ചേട്ടൻ അവനെപ്പോലെ  വികൃതിയൊന്നുമല്ലായിരുന്നു. അവൻ ഏറ്റവും കൂടുതൽ ഇഷ്ടം കഥകൾ ആയിരുന്നു. അവന്റെ മുത്തശ്ശി അവന് എന്നും കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. സ്കൂളിൽ ഒരു ദിവസം കുറച്ച് ഉയർന്ന ഉദ്യോഗസ്ഥർ വന്നു എല്ലാക്ലാസ്സിലും അവർ വന്ന് ചോദ്യങ്ങൾ ചോദിക്കും ഉത്തരം പറയാത്തവർക്ക് കടുത്ത ശിക്ഷതന്നെ നൽകും. ഒടുവിൽ കുട്ടുവിന്റെ ക്ലാസിൽ അവർ വന്നു ചോദിച്ചു ഈ ക്ലാസിൽ ആരാണ് നല്ലത് പോലെ പഠിക്കുന്നതെന്ന് കുട്ടികൾ എല്ലാവരും പക പുറത്തെടുത്ത് ഒറ്റശ്വാസത്തിൽ പറഞ്ഞു കുട്ടു... അവൻ ഞെട്ടി. അവർ ചോദ്യം ചോദിച്ചു. കുട്ടുവിന് ഉത്തരം അറിയില്ലായിരുന്നു. അവർ അവനു കടുത്ത ശിക്ഷകൊടുത്തു ആ ശിക്ഷതന്നെ കൊടുത്തു. ആ ശിക്ഷകിട്ടിയതിൽ പിന്നെ അവൻ നന്നായി. അന്നു മുതൽ അവൻ ആരേയും ദ്രോഹിക്കാതെ ആരേയും പറ്റിക്കാതെ ജീവിച്ചു. അവൻ അങ്ങനെ ഒരു ഗുണപാഠം പഠിച്ചു.

ആദിത്യൻ. ആർ

IX-B

**വിദ്യാലയം**

ഞാൻ ആദ്യമായി കാണുന്ന എൻറെ വിദ്യാലയത്തെക്കുറിച്ച് ഞാനിപ്പോൾ ഓർക്കുന്നു ഒന്നുകൂടി ആ കുട്ടിക്കാലത്തേക്ക് തിരിച്ചു പോകാൻ എനിക്ക് തോന്നുന്നു. ആദ്യമായി ഞാൻ സ്കൂളിൽ എത്തിയത് എൻറെ അമ്മയുടെ കൂടെയായിരുന്നു. സ്കൂളിൽ പോകുന്ന വഴിയിൽ ഒരു മുത്തശ്ശിയുണ്ടായിരുന്നു. അവരുടെ പേര് അമ്മിണി എന്നായിരുന്നു. ഞാനെന്ന സ്കൂളിൽ പോകുമ്പോൾ ആ മുത്തശ്ശിയെ കാണും അമ്മ മുത്തശ്ശിയുടെ വീടിനുചുറ്റും പലതരത്തിലുള്ള ഫലങ്ങളാണ് ഉണ്ടായിരുന്നത് എന്നതിൽ എനിക്ക് എനിക്ക് അന്നും ഇന്നും പ്രിയപ്പെട്ട ചക്കയായിരുന്നു. പിന്നീട് എനിക്ക് മാങ്ങയും ഇഷ്ടമായിരുന്നു. മാമ്പഴക്കാലം ആയപ്പോൾ മുത്തശ്ശിയുടെ വീടിനു ചുറ്റുമുള്ള മാവിൽ നിറയെ പാമ്പൂക്കൾ കൊണ്ട് നിറഞ്ഞു. പിന്നീട് ആ പൂക്കളിൽ പരാഗണം നടന്നു.ഉണ്ണിമാങ്ങലായി അവയിൽ നിന്ന്  ഞെട്ടറ്റുവീഴുന്ന മാമ്പഴങ്ങൾ എനിക്കുവേണ്ടി മുത്തശ്ശി പെറുക്കി മാറ്റുമായിരുന്നു. സ്കൂൾ വിട്ടു വരുമ്പോൾ ആ മാങ്ങകൾ കൂട്ടുകാരുമായി ഞാൻ കഴിക്കുമായിരുന്നു. കുറച്ചു നാളുകൾക്കു ശേഷം ആ മുത്തശ്ശി മരണപ്പെട്ടു. പിന്നീട് ആ മാവുകൾ അനാഥമായ എനിക്ക് വളരെ സങ്കടമായി എന്നെ ആ ദുഃഖത്തിൽ നിന്ന് കരകയറ്റിയത് സഹപാഠികളായിരുന്നു. ചെറിയ സങ്കടങ്ങളെ പോലും മാറ്റി അതിനേക്കാൾ വലിയ സന്തോഷം നൽകി പുഞ്ചിരിപ്പിച്ചവരാണ്. ഒരു ദിവസം ഞാൻ സ്കൂളിൽ ടീച്ചർ പറഞ്ഞ ജോലി ചെയ്യാതെ വന്നു. ഞാനത് ശ്രദ്ധിച്ചില്ലായിരുന്നു. അന്നത്തെ ദിവസം ടീച്ചർ വടിയുമായി ക്ലാസ്സിൽ തന്നെ എന്നെ ഒരുപാട് തല്ലി. എനിക്ക് എനിക്കത് വളരെ സങ്കടമായി അന്നേ ദിവസം ഞാൻ വളരെ നേരത്തോളം ഇരുന്നു കരഞ്ഞു. ഞാൻ ടീച്ചർ പറഞ്ഞ ജോലി ചെയ്യാതെ വന്നതിനു കാരണം എന്താണെന്ന് പിന്നീടാണ് ടീച്ചറിന് മനസ്സിലായത്. എന്നെ അമ്മയ്ക്ക് പനി ആയതിനാൽ ഞാനായിരുന്നു അമ്മയെ നോക്കിയത്. അതിനാൽ ആയിരുന്നു അന്ന് എനിക്ക് ടീച്ചർ തന്നെ ജോലി ചെയ്യാൻ കഴിയാതിരുന്നത് എന്ന്  മനസ്സിലാക്കിയ ടീച്ചർ. പിന്നീട് ടീച്ചറിനെ എന്നോട് വളരെ  സ്നേഹമായിരുന്നു. ഇനി നിരവധി അനുഭവങ്ങൾ  വിദ്യാലയം എനിക്ക് സമ്മാനിച്ചു.

## ശ്രദ്ധയില്ലാത്ത ജാക്ക്

ഒരിടത്ത് ജാക്ക് എന്ന പേരുള്ള ഒരുകുട്ടിയുണ്ടായിരുന്നു. അവൻ അവന്റെ അമ്മയുമായി ഒരു ചെറുകുടിലിലാണ് താമസിച്ചിരുന്നത്. അവർ വളരെ പാവപ്പെട്ടവരായിരുന്നു. ഒരു നേരത്തെ ഭക്ഷണം പോലും അവരുടെ പക്കലില്ലായിരുന്നു.മിക്ക രാത്രികളിലും അവർക്ക് വിശന്ന വയറുമായി ഉറങ്ങാറാണ് പതിവ്. ഒരു ദിവസം അവന്റെ അമ്മ അവനോട്

പറഞ്ഞു. "മോനെ ഇങ്ങനെ പോയാൽ നമ്മൾ ഭക്ഷണമില്ലാതെ ചത്തുപോകും. അതുകൊണ്ട് നീ ഒരു കർഷകനെതെടിപ്പിടിച്ച്

അദ്ദേഹത്തിന്റെ സഹായിയായി നിൽക്കൂ." ജാക്ക് അതിനു സമ്മതിച്ചു. അവൻ പിറ്റേദിവസം ഒരു കർഷകന്റെ വീട്ടിലേക്ക് പോയി. അദ്ദേഹത്തോട് സഹായി ചോദിച്ചു. കർഷകൻ സമ്മതിച്ചു. അദ്ദേഹം അവനോട് കൃഷിയെക്കുറിച്ച് അവനോട് പറഞ്ഞുകൊടുത്തു. എന്നിട്ട് കുറച്ച് തണ്ണിമത്തന്റെ വിത്ത് അവന്റെ കൈയിൽ കൊടുത്തു. എന്നിട്ട് അവനോട് അത് തന്റെ പറമ്പിൽ വിളയിക്കാൻ പറഞ്ഞു. നല്ല രീതിയിൽ അതു വിളയിച്ചാൽ അവനു നല്ല ഒരു സമ്മാനം തരുമെന്നും അദ്ദേഹം പറഞ്ഞു. ജാക്ക് വളരെ നല്ലതുപോലെ തണ്ണിമത്തനെവിളയിച്ചെടുത്തു. കർഷകൻ അതിന്റെ പ്രതിഫലമായി ഒരു ആട്ടിൻകുട്ടിയെയും കുറച്ച് സ്വർണ്ണനാണയങ്ങളും അവൻ നൽകി. അപ്പോൾ ജാക്കിനു സന്തോഷമായി. അവൻ ചോദിച്ചു കുറച്ച് ദിവസം തനിക്ക് അവധി തന്നാൽ വീട്ടിൽ ഒന്നുപോയാൽ കൊള്ളം എന്ന്. കർഷകൻ അത് സമ്മതിച്ചു. അവനു കുറച്ചു ദിവസത്തെ അവധി നൽകി. അവൻ ആ ആടിനെ എങ്ങനെ വീട്ടിൽ കൊണ്ടുപോകുമെന്ന് അവൻ അറിയില്ലായിരുന്നു. അവൻ ആ ആടിനെ ജാക്കറ്റിനുള്ളിൽ കയറ്റി വച്ചു. വീടിൽ എത്തിയ ജാക്ക് സന്തോഷത്തോടെ സ്വർണ്ണനാണയങ്ങൾ അമ്മയ്ക്കു നൽകി. അമ്മയ്ക്ക് ഒരുപാട് സന്തോഷം തോന്നി. എന്നിട്ട് ആട്ടിൻകുട്ടിയെ വെളിയിലെടുത്തു. ജാക്കറ്റിനുള്ളിലിരുന്ന് ശ്വാസം മുട്ടി ചത്തിരുന്നു. ജാക്ക് അത് കണ്ട് വിഷമിച്ചു. അവന്റെ അമ്മ അവനെ വഴക്ക് പറഞ്ഞു. "എടാ മണ്ടാ മണ്ടാ നിനക്ക് ആ ആട്ടിൻകുട്ടിയുടെ കഴുത്തിൽ ഒരു കയർ കെട്ടി നടത്തികൊണ്ടുവന്നപ്പോരായിരുന്നോ?" അപ്പോൾ ജാക്ക് പറഞ്ഞു. ക്ഷമിക്കണേ, അമ്മേ ഞാനിനി ഇങ്ങനെ ആവർത്തിക്കില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം ജാക്ക് വീണ്ടും കർഷകന്റെയടുത്തെത്തി. അപ്പോൾ അവന് കുറച്ചു കുമ്പളങ്ങ വിത്തുകൾ നൽകി. അപ്പോൾ അവൻ അതും നല്ലരീതിയിൽ വിളയിച്ചു. കർഷകൻ അവനു കുറച്ച് ഇറച്ചിയും സ്വർണ്ണനാണയങ്ങളും നൽകി. അവൻ ആ ഇറച്ചി കഷ്ണം അമ്മ പറഞ്ഞതുപോലെ ഒരു കയറിൽ കെട്ടി വലിച്ചു കൊണ്ടുവന്നു. വഴിയിൽവെച്ച് നായകൾ

അതു കടിച്ചു തിന്നു ഇതൊന്നും അറിയാതെ ജാക്ക് പാട്ടും പാടി നടന്നു.
വീട്ടിലെത്തിയപ്പോൾ ഒരു എല്ലും കഷ്ണം മാത്രമായി വീട്ടിലെത്തിയ ജാക്കിനോട് അമ്മ പറഞ്ഞു. "മണ്ടാ നീയിനി ഒരു ജോലിക്കും പോകണ്ടാ എന്ന് ".

സ്നേഹ സലീം

VI-A

## കൃഷിചൊല്ലുകൾ



- ഉടമയുടെ കണ്ണ് ഒന്നാന്തരം വളം
- കതിരിൽ വളം വച്ചിട്ടു കരമില്ല
- അമരത്തടത്തിൽ തവള കരയണം
- ആരിയൻ വിതച്ചാ വനര കൊയ്യാമോ
- ആഴത്തിൽ ഉഴുത് അകലത്തിൽ നടണം
- ഇല്ല നിറ വല്ലം നിറ പെട്ടി നിറ പത്തായം നിറ
- ആടയ്ക്കയായാൽ മടയിൽ വയക്കാം അടയ്ക്കാ മരമായാലൊ
- അടുത്തു നട്ടാൽ അഴക് അലത്തിൽ നട്ടാൽ വളവ്
- ഉരിയരിക്കാരന് എന്നും ഉരിയരി തന്നെ
- ഉഴവിൽ തന്നെ കള തീർക്കണം
- എളിയവരും എത്തവായും ചവിട്ടും തോറും താഴയ്ക്കും

  ഒരും വിള വിതച്ചൽ പല വത്തു വിളയില്ല
- കൊന്ന പൂക്കുമ്പോൾ ഉറങ്ങിയാൽ മരുതു പൂക്കുമ്പോൾ പട്ടിണി

- ചേറ്റിൽ കൈകുത്തിയില്ല ചോട്ടിൽ കൈകുത്താം
- ഞാറ്റിൽ പിഴചാൽ ചോറ്റിൽ  കൈകുത്താം
- തേവുന്നവൻ തന്നെ തിരിക്കണം
- നടാലേ നേട്ടമുള്ളു
- നല്ല വിത്തോടുകള്ള വിത്തു വതച്ചാൽ നല്ല വിത്തും കള്ള വിത്താകും
- പട്ടുമുളയ്ക്കു വളം വേണ്ട
- പതിരില്ലാതെ കതിരില്ല
- പുഴ തിന്ന വിള മഴ കൊയ്യണം
- പൊന്നാരം വിളഞ്ഞാൽ കതിരാവില്ല

- മരമറിഞ്ഞ് കൊടിയിടണം
- മുതിരക്കു മൂന്നുമഴ മുണ്ടകൻ മൂങ്ങണം
- തിന വിതച്ചാൽ തിന കൊയ്യാം
- തുലാപ്പത്ത് കഴിഞ്ഞാൽ പിലാപ്പൊത്തിലും കിടക്കാം
- തൊഴുതുണ്ണുന്നതിനേക്കാൽ നാല്ലത് ഉഴുതുണ്ണുന്നത്
- ധനം നിൽപ്പതു നെല്ലിൽ ഭയം നിൽപപതു തല്ലിൽ
- നല്ല തെങ്ങിനു നാൽപപതു മടൽ
- നവര വിതച്ചാൽ തുവര കായ്ക്കുമോ
- പത്ത് ചാലിൽ  കുറഞ്ഞാരും വിത്തു കണ്ടത്തിലിറക്കരുത്
- പൂട്ടുന്ന കാളയെന്തിനു വിത്തിലിറയുന്നു
- മത്തൻ കുത്തിയാഷൽ കുമ്പളം മുളയ്ക്കില്ല
- മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല
- മേടം തെറ്റയാൽ മോടൻ തെറ്റി

ഒലി

- എള്ളുണങ്ങുന്നത് കണ്ട് നെല്ലുണങ്ങണോ


- എള്ളുണങ്ങുന്നത് എണ്ണയ്ക്ക്,

  കുറുഞ്ചാത്തനുണങ്ങുന്നതോ?

- ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം
- കണ്ണീരിൽ വിളഞ്ഞ വിദ്യയും വെണ്ണീരിൽ വിളഞ്ഞ നെല്ലും
- കണ്ടം വിറ്റു കാളയെ വാങ്ങുമോ
- കന്നിയിൽ കരുതല പിടയും
- കണ്ണൻ  വാഴയുടെ ചുവട്ടിൽ പൂവൻ വാഴ കിളിർക്കുമോ
- കന്നില്ലാത്തവന് കണ്ണില്ല
- കർക്കിടകത്തിൽ പത്തില കഴിക്കണം
- കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നത് പുത്തരി
- കുംഭത്തിഷൽ നട്ടാൽ കുടയോളം മീനത്തിൽ നട്ടാൽ മീൻ കണ്ണോളം

- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം
- കൂര വിതച്ചാൽ പൊക്കാളിയാവില്ല
- ഞാറായ്ൽ ചോറായി.

## <u>ഗണിത ചൊല്ലുകൾ</u>




- ഒരു മരത്തിലുള്ള ആപ്പിളുകൾ നിങ്ങൾക്ക് എണ്ണാം .എന്നാൽ ഒരു ആപ്പിൾ ഉള്ള മരങ്ങൾ നിങ്ങൾക്കെമണ്ണാനാവില്ല.

- ഇരുപതാം വയസ്സിൽ ഇച്ഛാശക്തി ഭരിക്കുന്നു,മുപ്പതിൽ പാണ്ഡിത്യം ഭരിക്കുന്നു ,നാൽപ്പതിൽ നിരീക്ഷണം ഭരിക്കുന്നു.
-
- രണ്ടാനകൾ തമ്മിൽ പോരാടുമ്പോൾ അവർക്കു കീഴിലെ പുല്ലാണ് വിഷമിക്കുന്നത്.
- ഇന്നത്തെ ഒരു മണിക്കൂറിനു നാളത്തെ രണ്ടു മാനിക്കുമൂറിന്റെ വിലയുണ്ട്.
- പൂജ്യം എല്ലാത്തിന്റെയും തുടക്കവും ഒടുക്കവുമാണ്.
- കടം കൊടുക്കുന്നവന് വാങ്ങുന്നവനേക്കാൾ ഓർമ്മ ശക്തിയുണ്ടാകും.
- കടം കൊടുന്നവനോ വാങ്ങുന്നവനോ ആകാത്തരിക്കുക.
- വാങ്ങുന്നവന് നൂറു കണ്ണുകൾ വേണം,വിൽക്കുന്നവനുഒന്നും വേണ്ട
- നിറഞ്ഞ മടിശീലക്ക് ഒരിക്കലും സുഹൃത്തുക്കൾ കുറയുന്നില്ല.
- പങ്കിടപ്പെടുന്ന ദുഃഖം പകുതിയായി മുറിയുന്നു.പങ്കിടപ്പെടുന്ന സന്തോഷം ഇരട്ടിക്കുന്നു.
- ചെസ്സ് കളി എന്നപോലെ ജീവിതത്തിലും ധീർക്കവീക്ഷണം വിജയിക്കുന്നില്ല.
- എല്ലാ കയറിനും രണ്ടറ്റമുണ്ട്.
- ഒരു തുണിന് എങ്ങനെ വലിയ വീട് പണിയാനാകും.
- ചതിക്കപെടാതിരിക്കാൻ മൂന്ന് കടകളിൽ വില ചോദിക്കുക.
-
- നല്ല കൂട്ടുകാരൻ നീണ്ട പാതയുടെ നീളം കുറക്കുന്നു.

- കൊച്ചു തുള്ളികൾ മഹാസമുദ്രത്തെ ഉണ്ടാക്കുന്നു.

## പൊതുവിദ്യാലയത്തിന്റെ മികവ് ഹൈടെക്കിലൂടെ

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലൂടെ ആവേശകരമായിമുന്നേറുകയാണ് 'ഉണർവ്വ് ' എന്നത് അക്കാദമികമായി മാത്രമല്ല സാങ്കേതികമായും പൊതുവിദ്യാലയങ്ങൾ ഉണർന്നിരിക്കുന്നു. പഠനബോധന

പ്രക്രിയകളിൽ സാങ്കേതിക വിദ്യയ്ക്ക് ശ്രദ്ധേയമായ സ്ഥാനം കൈവന്നിരിക്കുന്നു. കേരളസർക്കാരിന്റെ നാലുപ്രധാന വിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ടതും വളരെ വേഗത്തിൽ ഫലം കണ്ടു നടത്തിയതുമായ ഒന്നാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളുടെ ആവേശകരമായ കുതിച്ചുചാട്ടം. പൊതു വിദ്യാലയങ്ങളിലേക്ക്

കുട്ടികളെ അയക്കാൻ മടി കാണിച്ചിരുന്ന പൊതു സമൂഹം ഇന്ന് ഏറെ അഭിമാനത്തോടെ പൊതുവിദ്യാലയങ്ങൾ തേടിയെത്തുന്ന കാഴ്ചയാണ് നമുക്കു ചുറ്റും കാണുന്നത്. പൊതു വിദ്യാലയ സംരക്ഷണ യജ്ഞം പ്രഖ്യാപിച്ചതിനുശേഷം ഏകദേശം മൂന്നര ലക്ഷത്തോളം കുട്ടികളാണ് പൊതു വിദ്യാഭ്യാസത്തിൽ എത്തിച്ചേർന്നത്.

വിവരവിനിമയ സാങ്കേതികവിദ്യ കുതിച്ചുയരുന്ന ഈ കാലഘട്ടത്തിന് നാം യോജിച്ച നിലയിലേക്ക് നമ്മുടെ വിദ്യാർത്ഥി സമൂഹത്തെ കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാലയങ്ങൾ വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ ഹൈടെക് ആയി മാറിയത്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. ഇതിനായി ഓരോ കുട്ടിയേയും ഒരു യൂണിറ്റായി കണ്ടു പഠനതന്ത്രങ്ങൾ രൂപീകരിക്കുകയാണ് ചെയ്യുന്നത്. വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെ ഒരു കുട്ടിയുടെ സമസ്ത മേഖലയെ സ്വാധീനിക്കാനും ഒരു ക്ലാസിലെ വിവിധങ്ങളായ കഴിവുകൾ ഉള്ള കുട്ടികൾക്ക് അവരവരുടെ കഴിവിനനുസരിച്ച് പഠനബോധന തന്ത്രങ്ങൾ തിരഞ്ഞെടുക്കാനും അതിലൂടെ പാഠഭാഗങ്ങൾ അവരിലേക്ക് ഗ്രഹിക്കാനും കഴിയുന്നു. അതായത് വിവരവിനിമയ സാങ്കേതിക വിദ്യയിലൂടെയുള്ള പഠനതന്ത്രങ്ങൾ വിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലയിലും സ്വാധീനം ചെലുത്താൻ കഴിയുന്ന ഒന്നായി മാറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രാരംഭ തലം മുതൽ മൂല്യനിർണയവും തുടർ

പ്രവർത്തനവും വരെയുള്ള എല്ലാ തലങ്ങളിലും അതിന്റെ പ്രയോഗം സാധ്യമായിക്കഴിഞ്ഞിരിക്കുന്ന വിവരവിനിമയം മാത്രമല്ല അതിനെ

അടിസ്ഥാനപ്പെടുത്തിയുള്ള അറിവിന്റെ നിർമ്മാണവും ക്ലാസ്മുറിയിൽ നടക്കുന്നുണ്ട്. കുട്ടികളുടെ അനുഭവങ്ങളെയും അവിടെ ചുറ്റുപാടിനെയും

ജ്ഞാനനിർമ്മിതിക്കുള്ള ഉപാധിയാക്കി മാറ്റുന്ന തലത്തിലേക്ക് വിദ്യാഭ്യാസത്തിന്റെ മൂല്യം ഉയർന്നിരിക്കുന്നു എന്നത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് ഔന്നത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. കേരളത്തിലെ 45000 ക്ലാസ് മുറികളാണ് ആദ്യഘട്ടത്തിൽ ഹൈടെക് ആക്കിയത്. അടുത്ത അക്കാദമികവർഷത്തിന്റെ ആരംഭത്തോടെ പ്രൈമറി തലം മുതൽ ഹയർ സെക്കൻഡറി വരെയുള്ള മുഴുവൻ ക്ലാസ്മുറികളും ഹൈടെക്

ആക്കാനുള്ള പദ്ധതിയുമായി നമ്മുടെ സർക്കാർ മുന്നോട്ട് പോവുകയാണ് ഈ അവസരത്തിൽ ജ്ഞാനനിർമ്മിതിയുടെ മൂന്നു വാദികളായ അനുഭവംസ്വാംശീകരണവും അതിന്റെ വിശകലനവും നിഗമന രൂപീകരണം എല്ലാം നടക്കുന്നതിന് ഉതകുന്ന വിധത്തിൽ ഹൈടെക് ക്ലാസ് മുറികളെ മാറ്റേണ്ടതുണ്ട്. ഇതിനു സഹായകരമായ രീതിയിൽ വിവരവിനിമയ സാങ്കേതിക വിദ്യയെ എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് അന്വേഷണം വളരെ പ്രാധാന്യമർഹിക്കുന്നു. വിവര വിനിമയ സാങ്കേതിക വിദ്യയുടെ

നീതിപൂർവമായ ഉപയോഗം ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി വിദ്യാഭ്യാസവകുപ്പും അതിന്റെ സാങ്കേതിക വിഭാഗം ആയ കൈറ്റും ചേർന്ന് പ്രത്യേകമായി ഒരു വിഭവ പോർട്ടൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര എന്ന ഈ പോർട്ടലിലൂടെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സർഗാത്മക ശേഷി വികസിപ്പിക്കത്തക്കവിധത്തിൽ  ക്ലാസ് റൂം പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടിയെ കേവലം കേൾവിക്കാരനും കാഴ്ചക്കാരനും മാത്രമാകാതെ അവൻറെ സജീവപങ്കാളിത്തം ക്ലാസ്മുറികളിൽ ഉണ്ടാകേണ്ടത് അത്യാവശ്യം തന്നെയാണ്. അറിവ് നിർമ്മിക്കുകയും പങ്കുവെക്കുകയും ചെയ്യുന്ന തലത്തിലേക്ക് പഠനപ്രക്രിയ മാറുമ്പോൾ അതിൻറെ കാര്യക്ഷമത വരുത്തുന്നതിനുള്ള ഉപാധിയായി വിവരവിനിമയ സാങ്കേതിക വിദ്യയെ എടുക്കാൻ നമുക്ക് സാധിക്കണം. പഠിതാവിന്റെ

ബഹുമുഖ ബുദ്ധിയെ അംഗീകരിക്കുന്ന തരത്തിൽ വ്യത്യസ്ത അനുഭവങ്ങൾ ക്ലാസമുറിയിൽ സൃഷ്ടിക്കുവാൻ വിവരവിനിമയ സാങ്കേതിക വിദ്യ കഴിയണം. അതിനായി അധ്യാപകൻ അവന്റെ അനുഭവത്തെയും അറിവിനെയും നൂതന സാങ്കേതികവിദ്യയ്ക്ക് അനുചിതമായ കാഴ്ചപാടിലേക്ക് മാറ്റാൻ കഴിയണം. എന്നാൽ പഠിതാവിന്റെ പഠനരീതിയും പഠന വേഗതയും പരിഗണിക്കുന്ന പഠനത്തെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള

പഠനാനുഭവങ്ങളും നൽകുന്നതിൽ ഒരു സഹായി എന്ന നിലയിലും വിവരവിനിമയ സാങ്കേതിക വിദ്യയെ പരിപോഷിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്.

ഷീബ ടീച്ചർ

## ഭാഷയുടെ പരിണാമം സൈബർ ഇടത്തിൽ

വൈജ്ഞാനിക മേഖലയിൽ അത്ഭുതപൂർവ്വമായ വിജയം കൈവരിക്കാൻ സൈബർ ഇടത്തിനു കഴിഞ്ഞു. ലോകത്തെ മുഴുവൻ ഒരു ശൃംഖലയായി നിലനിർത്താൻ ഈ മേഖലയ്ക്കു കഴിഞ്ഞു. മനുഷ്യ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ കണ്ടുപിടുത്തം ഭാഷയുടേതാണ്. സംസ്കാരത്തിന്റെ സൂക്ഷിപ്പുകാരാണ് ഭാഷ. മനുഷ്യ ചരിത്രത്തോളം പഴക്കം ഭാഷയ്ക്കും കൽപ്പിക്കാം. മാറിവരുന്ന

കാലഘട്ടത്തിനനുസരിച്ച് ഭാഷയിൽ കൂട്ടിച്ചേർക്കലും മുറിച്ചുമാറ്റലും നടന്നിട്ടുണ്ട്. ഭാഷയുടെ ഏറ്റവും പഴയ രൂപമായ വാമൊഴിയിൽ നിന്നും ഇന്ന് കമ്പ്യൂട്ടറിന്റെ

സഹായത്തോടെ തെളിയുന്ന തിരമൊഴിയിൽ എത്തുമ്പോൾ ഭാഷ ധാരാളം മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ളതായി കാണാൻ സാധിക്കുന്നു.

കേരള ജനതയുടെ മാതൃഭാഷയായ മലയാളത്തിന് വ്യവഹാരമെന്നനിലയിലുള്ള സ്ഥാനവും  ലോകഭാഷകൾക്കിടയിൽ അതിനുള്ള നിലയും നിരവധി പഠനങ്ങൾക്കു വിധേയമായിട്ടാണ്ട്. ഓരോ കാലഘട്ടത്തിലും രൂപപ്പെടുന്ന യന്ത്രത്തിനനുസരിച്ച ഭാഷ

അതിനു വഴങ്ങുകയും പുതുക്കപ്പെടുകയും ചെയ്യുന്നു. ഭാഷയുടെ അവ്യക്തകാലത്തു നിന്നും ഇന്ന് കമ്പ്യൂട്ടറിന്റെ സഹായത്തോടെ മിന്നിത്തെളിഞ്ഞ് മറഞ്ഞുകൊണ്ടിരിക്കുന്ന മലയാള ഭാഷ വളരുകയും തളരുകയും ചെയ്തിട്ടുണ്ട്. ചുണ്ടുകളിൽനിന്നും ചുണ്ടു കളിലേക്കും വിടെനിന്ന് ഗുഹാമുഖങ്ങളിലും പാറക്കഷണങ്ങളിലും താളിയോലകളിലേക്കും അവിടെനിന്നും പേപ്പറിലേക്കും അവിടെനിന്നും ഇലക്ട്രോണിക് മാധ്യമങ്ങളിലേക്കും ഭാഷ എത്തിപ്പെട്ടിരിക്കുന്നു. അനേകം നൂറ്റാണ്ടുകളുടെ കടംകൊള്ളലിന്റെ ഫലമായ രൂപപ്പെട്ട സാംസ്കാരിക പരിസരമാണ് നമുക്ക് അവകാശപ്പെടാനുള്ളത്. അതുകൊണ്ടു തന്നെ ലോകത്തു നടക്കുന്ന ഏതൊരു മാറ്റവും നമ്മുടെ ഭാഷയെ സ്വാധീനിക്കുന്നു. ശാസ്ത്ര

സാങ്കേതിക രംഗത്തുണ്ടായ വലിയ കുതിച്ചു ചാട്ടം മലയാള ഭാഷയെ സ്വാധീനിച്ചതിന്റെ തെളിവുകൾ നമുക്ക് മുന്നിലുണ്ട്. 1980 കളിടെ തുടക്കത്തിലാണ് മലയാളം കമ്പ്യൂട്ടിംഗ് ആരംഭിക്കുന്നത്. തൊണ്ണൂറുകളുടെ പകുതിയായതോടെ നിരവധി വെബ്സൈറ്റുകൾ മലയാളത്തിൽ വന്നു തുടങ്ങി. പ്രധാനമായും പത്രസ്ഥാപനങ്ങളാണ് വെബ്സൈറ്റുകൾ ആരംഭിച്ചത്. മലയാളം വെബ്സൈറ്റുകൾ ആരംഭിച്ചത്. മലയാളം വെബ്സൈറ്റുകളുടെ വ്യാപനം നവമാധ്യമങ്ങളിൽ ഭാഷയുടെ ജനകീയതയ്ക്കു കാരണമായിട്ടുണ്ട്. 1997 ൽ www.deepkakr.com എന്ന വാർത്ത വെബ്സൈറ്റുകൾ തുടങ്ങി ദീപിക പത്രം ആണ് മലയാളത്തിൽ വെബ്സൈറ്റുകൾക്ക് ആവേശം നൽകിയത്. അന്ന് മലയാളത്തിൽ തുടങ്ങുന്ന മിക്ക പത്രങ്ങൾക്കും ആനുകാലികങ്ങൾക്കും ഇന്റർനെറ്റ് പതിപ്പുണ്ട്. ഇവിടെയെല്ലാം ഭാഷയുടെ വളർച്ചയാണ് നാം കാണേണ്ടത്. വാമൊഴി സംസ്കാരത്തിൽ നിന്നും തിരമൊഴി സംസ്കാരത്തിലേക്ക് ഭാഷവളർന്നപ്പോൾ മനുഷ്യനുണ്ടായ സാമൂഹിക സാംസ്കാരത്തിലേക്ക് ഭാഷവളർന്നപ്പോൾമനുഷ്യനുണ്ടായ സാമൂഹിക സാംസ്കാരിക സാമ്പത്തിക വൈജ്ഞാനികനില വളരെ വലുതാണ്. വാ മൊഴി സംസ്കൃതിയിൽ വ്യക്തികളിൽ കേന്ദ്രീകരിച്ചിരുന്ന അറിവിനെ /അനുഭവ ത്തെ വ്യക്തിയിൽ നിന്നും

പുറത്തു സ്ഥാപിക്കാൻ കഴിഞ്ഞതോടെ അറിവിന്റെ ഉടമസ്ഥത ഒരുവനിൽ നിന്നും പലരിലേക്ക് പരുക്കുകയായിരുന്നു. എന്നാൽ സൈബർ ഇടത്തിൽ പരസ്പര വിനിമയത്തിനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തിയാണ് അറിവിനെ / അനുഭവത്തെ സംവാദത്തിനും പുതുക്കലിനും വിധേയമാണ്. (സൈബർ മലയാളം, സുനിത ടി. വി)

കൂട്ടായ്മയിലധിഷ്ഠിതമായ ഒരു പുതിയ ഗോത്ര സംസ്കൃതിക്ക് ഇലക്ട്രോണിക് മാധ്യമങ്ങൾ ഇന്ന് കളമൊരുക്കുന്നു.

## മലയാളം ബ്ലോഗുകൾ

കമ്പ്യൂട്ടർ മാധ്യമാധിഷ്ഠിത  ആശയവിനിമയത്തിന്റെ ഉപാധി എന്ന നിലയിൽ വ്യത്യസ്തമായ മാതൃക ഇന്റർനെറ്റ്.മുന്നോട്ട് വയ്ക്കുന്നു .വാ മൊഴിയിൽ നിന്നും വരമൊഴിയിലേക്കും പിന്നെ  തിരമൊഴിയിലേക്കും ഭാഷ പരിണമിക്കുന്നു.തിരമാലാളത്തിന്റെ സജീവത നമ്മുടെ ഭാഷ്ക്ക് ഒട്ടേറെ പദങ്ങളും സംഭാവമന ചെയ്തിട്ടുണ്ട്. ബ്ലോഗ്,ബ്ലോഗൻ, ബൂലോകം,

ബ്ലോഗുലകം,ഗ്രഗോളവൽക്കരണം തുടങ്ങിനിരവധി വക്കുകൾ പ്രചണത്തിൽ ഉണ്ട്.നൈറ്റിസൺമാരുടെ ന്യൂജറേഷൻ മലായളത്തിന് കൂടുതൽ സ്വീകരൃത ഇന്ന് ലഭിക്കുന്നു.

പുസ്തകം വരെ സൂക്ഷിക്കാമാനാവും ഇ-വായനയാൽ ഔട്ട് ഓഫ് പ്രിന്റ ഇല്ലാതാകില്ല.എത്ര ആവശ്യക്കാർ ഉണ്ടാവില്ലോ,വീട്ടിലോ ഇരുന്ന് ഇ -പുസ്രതം വലിയ നേട്ടമാണ്. യാത്രാവേളയിലോ ,വീട്ടിലോ ഇരുന്ന് ഇ-പിസ്തകം ഇന്റർനെറ്റ വഴി ഡൗൺലോഡ് ചെയ്യാം ഇ -പുസ്തകത്തിൽ ഉടനടി തിരുത്തുനരുത്തുകയും നെറ്റിലൂടെ വാങ്ങിയവർക്ക് തിരുത്തുകയും വരുത്തിയ കുറിപ്പ് അയച്ചു കൊടിക്കുകയും പ്രിന്റെടുത്ത് വായിക്കുവാനും കഴിയും.എഴുത്തുകാരെ സംബന്ധിച്ച് എല്ലാ വിവരങ്ങളും അബ്ഡേറ്റ് ചെയ്യുവാൻ സാധിക്കുന്നു.

## ഈ വായനയുടെ ദോഷങ്ങൾ

ഈ- പുസ്തകത്തിന്റെ കോട്ടങ്ങളിൽ ഒന്നാണ് അതിന്റെ ഉടമസ്ഥാവകാശത്തെ പറ്റിയുള്ള ഈ- വായനയിൽ ഒരു പുസ്തകം ഇറക്കിയാൽ അത് പിൻവലിക്കാനോ / നിരോദിക്കാനോ പ്രയാസമാണ്. കാലാകാലങ്ങളിൽ ഇലക്ട്രോണിക് കമ്പ്യൂട്ടർ മേഖലയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ഉപകരണങ്ങൾ മാറ്റാൻ നിർബന്ധിതമാകുന്നു. മലയാളഭാഷയുടെ സാധ്യതകളെ വളരെ വിപുലമാക്കാൻ സൈബർ ഇടത്തിന് കഴിയുന്നു. ഭാഷയിലൂടെയുള്ള വ്യവഹാരത്തിന് കമ്പ്യൂട്ടറിൽ

ആദ്യകാലത്ത് സാധ്യമായിരുന്നില്ല. എന്നാൽ ഇന്ന് ഭാഷയ്ക്ക് പുതിയ വാക്യഘടനകളും വ്യാകരണ നിയമങ്ങളും സൈബർ ഇടങ്ങൾ സൃഷ്ടിക്കുന്നു.

നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന എല്ലാ മേഖലയിലും മലയാളഭാഷ എത്തിപ്പെട്ടിട്ടുണ്ട്. വിശാലമായ ഒരു വലിയ ലോകം സൈബർ ഇടത്തിൽ മലയാളഭാഷ നേടി. വാമൊഴിയിൽ നിന്നും വരമൊഴിയിലേക്കും അവിടെ നിന്ന് തിരമൊഴിലേക്കും എത്തിപ്പെടുകയും ചെയ്ത മലയാള ഭാഷയ്ക്ക് ഈ പുതിയ കാലഘട്ടത്തിൽ തനിമ നഷ്ടപ്പെട്ടതായി കാണാൻ സാധിക്കും. എന്നാൽ കമ്പ്യൂട്ടർ യുഗം നമ്മുടെ ഭാഷയ്ക്ക് നൽകിയ സാധ്യതകളെ മറക്കാനും കഴിയില്ല. അകൃത്രിമ ഭാഷയുടെ സ്വാഭാവികത

നഷ്ടപ്പെടുത്തുന്നു. അതുകൊണ്ട് തന്നെ വിവര സാങ്കേതിക വിജ്ഞാന വിസ്ഫോടനത്തിന്റെ കാലഘട്ടത്തിൽ ദീർഘകാലം കൊണ്ട് ഉയർന്നു വന്ന മലയാളഭാഷയ്ക്ക് കൂടുതൽ ഇടങ്ങളിലേക്ക് വളരുവാൻ സാധിക്കട്ടെ.

ബിനു ടീച്ചർ

## ഈ- വായന

ഇലക്ട്രോണിക് സ്ക്രീനിലൂടെ വായിക്കുന്നതിനെയാണ് ഈ- വായന എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ- വായനയാണ് നാളത്തെ വായന. ഡിജിറ്റൽ കോഡുകളായി ,സൂക്ഷിച്ചുവെച്ചിരിക്കുന്ന പാഠങ്ങൾ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ഈ- ബുക്ക് റീഡർ തുടങ്ങിയവയുടെ സഹായത്തോടെയാണ് വായിക്കുന്നത്.

## ഈ- മലയാളം ഇന്ന്

ഈ- വായന, ഈ- സാഹിത്യം, ഈ- വിവരം, ഈ- പ്രസിദ്ധീകരണം തുടങ്ങിയവയൊക്കെ ഇതിന്റെ പരിധിയിൽ വരുന്നു. മലയാളം സോഫ്റ്റ് വെയർ, മലയാളം വെബ്സൈറ്റ് ഉള്ളടക്ക നിർമ്മാണം, പഠന പ്രചരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ മൂന്ന് പ്രധാന കാര്യങ്ങളിലൂടെയാണ് ഇന്ന് സമകാലിക മലയാളം നവമാധ്യമങ്ങളിൽ വളരുന്നത്. ശാസ്ത്രത്തിനും വ്യാകരണത്തിനും അപ്പുറം പ്രയോഗക്ഷമതയിലൂടെ കൂടുതൽ തലത്തിലേക്ക് വളരുന്നു എന്നതാണ് നവമാധ്യമങ്ങൾ ഭാഷയ്ക്കു നൽകിയ ഏറ്റവും വലിയ സംഭാവന.

## ഈ- വായനയുടെ ഗുണങ്ങൾ.

ഈ- വായനയിലൂടെ പുസ്തകത്തിലുള്ള ഒരു വാക്ക് സന്ദർഭം, ഒരാഷയം, കഥാപാത്രം, തുടങ്ങിയവ തെരഞ്ഞെടുപ്പിക്കാൻ നിമിഷങ്ങൾ മതിയാകും. വായന ഉപകരണത്തിൽ ആയിരക്കണക്കിന് പുസ്തകങ്ങൾ കൂടുന്നതനുസരിച്ച് പുസ്തകം ഭാരം കൂടുന്നില്ല.

## സ്പേസ് ക്ലബ്

ആധുനിക ജീവിത സാഹചര്യത്തിൽ നമ്മുടെ കുട്ടികൾ കുടുംബത്തിൽ നിന്നും വിദ്യാലയത്തിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും പല തരത്തിലുള്ള മാനസികവും, ശാരീരികവും,വൈകാരികമായ പീഡനങ്ങളും,സമ്മർദ്ദങ്ങളും നേരിടുകയാണ്.ഇത്തരത്തിൽ സമ്മർദങ്ങൾക്ക് അടിമപ്പെട്ട് ജീവിതത്തിന്റെ താളങ്ങൾ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന കുട്ടികളുടെ എണ്ണം

അനുദിനം വർധിച്ചു വരികയാണ്.കുട്ടികൾ നേരിടുന്ന ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോട് കൂടി ദേശീയ നിയമസേവന അതോറിറ്റി (NALSA) യുടെ 2015 ലെ ശിശു സൗഹൃദ നിയമസേവനങ്ങളും അവരുടെ സംരക്ഷണവും എന്ന പദ്ധതിയുടെ ചുവടുപിടിച്ച് ജില്ലാ നിയമസേവന അതോറിറ്റി തയ്യാറാക്കിയിട്ടുള്ള പരിപാടിയാണ് space അഥവാ sincere parenting and child education. കുട്ടികളുടെ പ്രശ്നങ്ങൾ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സാനിധ്യത്തിൽ പറയുവാനും ,കേൾക്കുവാനും പരിഹരിക്കുവാനുമൊരു "ഇടം - space"ഒരുക്കി അവരെ കൂടെ നിർത്തി കുട്ടികളെ നല്ല പൗരന്മാരായി വളർത്തി എടുക്കുക എന്ന ഉദാത്തമായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് .

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

കേരള സംസ്ഥാന അഭ്യന്തര വകുപ്പും സമ്യുക്തമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ നടത്തി വരുന്ന പദ്ധതിയാണ എസ്.പി.സി എന്ന പെരിൽ അറിയപ്പെടുന്ന സ്റ്റഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി. മംഗലം ഗവ : ഹയർ സെക്കന്ററി സ്കൂളിൽ ഈ പദ്ധതിയുടെ ഭാഗമായി ആദ്യ ബാച്ചിന്റെ ഉദ്ഘാടനം 2016 ആഗസ്റ്റ് 3-ാം

തീയതിബഹുമാന്യനായ ഹരിപ്പാട് എം എൽ എ ശ്രീ രമേശ് ചെന്നിത്തല നിർവഹിച്ചു.എഴുത്തുപരീക്ഷ,കായിക ക്ഷമത പരീക്ഷയിലൂടെ 22 ആൺകുട്ടികളും 22 പെൺകുട്ടികളും ചേർന്നതാണ് ഈ യൂണിറ്റ്.

നിയമത്തെ സ്വമേധയാ അനുസരിക്കുകയും സാമൂഹ്യ പ്രതിബദ്ധതായും സേവന താത്പരതയും സഹജീവി സ്നേഹവും പരിസ്ഥിതി സംരക്ഷകരും ഉയർന്ന നേതൃത്വശേഷിയും ലഹരിക്കെതിരായും മറ്റു സാമൂഹ്യ തിന്മകൾക്കെതിരായും പ്രവർത്തിക്കുന്ന കർമ്മേത്സുകരായ യുവ തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്.സംസ്ഥാന പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ ഒരു സംസ്ഥാന കമ്മറ്റിയും സംസ്ഥാന സെക്രട്ടറിയേറ്റുമാണ്  ഈ പദ്ധതിയുടെ ചുമതലക്കാർ.ജില്ലാ തലത്തിൽ എസ .പി. ജില്ലാ നോഡൽ ഓഫീസർ,അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർ എന്നവർക്കാണ് ചുമതല.സർക്കിൾ ഇൻസ്പെകൂർ പി എസ് എൽ ഒ ആയ പദ്ധതിയുടെ ചുമതല സ്റ്റേഷൻ സബ് ഇൻസ്പെക്ടർക്കാണ്.

എസ് .പി.സി പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് സ്കൂളിൽ നിന്ന് രണ്ടു അധ്യാപകരെ കമ്മ്യൂണിറ്റി പോലീസ് ഓഫീസര്മാരായും പോലീസ് സ്റ്റേഷനിൽ നിന്ന് ഒരു പോലീസ്കാരനും ഒരു വനിതാ പോലീസുകാരിയെയും ചുമതലപ്പെടുത്തിയിരുന്നു.സംസ്ഥാന സെക്രെട്ടറിയേറ്റിൽ നിന്നുള്ള മാസ കലണ്ടർ

പ്രകാരം എല്ലാ ബുധനാഴ്ച്ചക്കിളിലും 4 മണി മുതൽ 5. 30 വരെയും ശനിയാഴ്ചകളിൽ 5 മണി മുതൽ ഉച്ചക്ക് 1 മണി വരെയുമാണ് പരിശീലന പരിപാടികൾ നടത്തപ്പെടുത്തുന്നത്

.കായിക പരിശീലനത്തിലൂടെ ഉയർന്ന കായിക ക്ഷമത ഉറപ്പ് വരുത്തുകയും ഒപ്പം മൂല്യങ്ങൾ വളർത്തുന്നതിനായുള്ള ബൗദ്ധിക-മാനസിക ശാക്തീകരണത്തിന് അനുയോജ്യമായ പ്രധാനപ്പെട്ട  ഏതാനും കാര്യങ്ങൾ മാത്രം ഇവിടെ പ്രതിബാധിക്കുന്നു.

ഇൻഡോർ ക്ലാസ് സംഘടിപ്പിക്കുന്നു.കേഡറ്റുകൾക്കുള്ള പോലീസ് യൂണിഫോം,പി .ടി ഡ്രസ്സ്  എന്നിവക്കൊപ്പം ഭക്ഷണവും നൽകുന്നു.അവധിക്കാല ക്യാമ്പുകൾ,പരിസ്ഥിതി പഠനയാത്രകൾ,സർക്കാർ സംവിധാനങ്ങൾ പരിചയപ്പെടൽ എന്നിവ പരിശീലനത്തിന്റെ ഭാഗമാണ്.

സ്കൂൾ കലോത്സവങ്ങൾ ,പൊതു പരിപാടികൾ ,ജനക്ഷേമ ജീവകാരുണ്യ പ്രവർത്തനങ്ങൾ  എന്നിവക്കൊപ്പം സ്കൂളിന്റെ അച്ചടക്കം,പഠന പുരോഗതി ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവക്ക് പ്രാപ്തരാണ് പരിശീലനം ലഭിച്ച ഈ കേഡറ്റുകൾ.ചുരുങ്ങിയ അളവിൽ ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ

നടപ്പിലാക്കാൻ മംഗളം എസ്.പി സി യൂണിറ്റിന് കഴിഞ്ഞിട്ടുണ്ട്.പ്രദാനപ്പെട്ട ഏതാനും കാര്യങ്ങൾ മാത്രം ഇവിടെ പ്രതിപാദിക്കുന്നു.

- പത്തനാപുരം ഗാന്ധി ഭവൻ സന്ദർശിക്കുവാനും അവിടുത്തെ അന്തേവാസികൾക്കൊപ്പം സമയം പങ്കിടുകയും പതിനായിരം രൂപ സംഭാവന നൽകുകയും ചെയ്തു.

- മംഗളം സ്കൂളിന്റെ തെക്കു വശം കായംകുളം കായലിൽ അവസാനിക്കുന്ന തോടിന്റെ മലിനീകരണത്തെക്കുറിച്ച പഠനം നടത്തി റിപ്പോർട്ട് പഞ്ചായത്തിൽ സമർപ്പിക്കുകയും  ചെയ്തു
- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി റോഡരികിൽ വൃക്ഷ തൈകൾ പരിപാലിക്കുന്നു
-
-
- ആരോഗ്യ ശുചിത്വ സർവ്വേ നടത്തി

- കൊതുക നിർവാജന പ്രവർത്തനങ്ങൾക്ക് പങ്കാളിത്തം വഹിച്ചു
- ആറാട്ടുപുഴ പി എച് സി യുമായി ചേർന്ന് ആറാട്ടുപുഴ ബസ്സ്റ്റാൻഡ് പരിസരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്തു
- ആറാട്ടുപുഴയുടെ ചരിത്ര രചനയുമായി ബന്ധപെട്ട നാട്ടുവഴി എന്ന പദ്ധതിയുടെ ഭാഗമായി ചരിത്ര പ്രധാന സ്ഥലങ്ങൾ സന്ദർശിച്ച വിവരശേഖരണം തുടർന്ന് സെമിനാര് എന്നിവ നടത്തി
-
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതെ അവ ശേഖരിച്ച പുനഃ ചംക്രണമത്തിന് നൽകി വരുന്നു
- പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിന് വിത്തുപേന നിർമ്മിച്ച് വിതരണം ചെയ്തു.
- തൃക്കുന്നപ്പുഴ പോലീസ് സ്റ്റേഷനുമായി സഹകരിച്ചുകൊണ്ട് സ്കൂളിന് സമീപത്തെ കടകളിൽ പുകയില ഉത്പന്നങ്ങൾക്കെതിരായ ബോധവത്കരണങ്ങൾ റെയ്ഡ് എന്നിവ നടത്തി
- റോഡ് ട്രാഫിക് നിയമങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശുഭയാത്ര പദ്ധതി നടത്തി വരുന്നു
- ശയ്യാവലംബിയായി കിടക്കുന്ന കൂട്ടുകാരെ അവരുടെ വീട്ടിൽ പോയി സന്ദർശിച്ചു സമ്മാനങ്ങൾ നൽകി
- ജല സംരക്ഷണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു
- കേരളത്തെ മുക്കിയ മഹാ പ്രളയത്തിൽപ്പെട്ട ആളുകൾക്ക് ദുരിതാശ്വാസ സാമഗ്രികൾ ശേഖരിച്ച പല്ലന ക്യാമ്പിൽ എത്തിക്കുകയും അവരോടൊപ്പം ഒരു ദിവസം പങ്കിടുകയും ചെയ്തു
- എസ് പി സി ഭാവന നിർമ്മാണ പദ്ധതിയിലേക്ക് 8100 രൂപ സംഭാവന നൽകി
- വാഹനാപകടത്തിൽ ഗുരുതരമായി പരുക്കേറ്റ നന്ദന എന്ന എസ് പി സി കേഡറ്റിന്റെ ചികിത്സ ഫണ്ടിലേക്ക് 5000 രൂപ സമാഹരിച്ച നൽകി

- പ്രളയ ദുരിതത്തിൽ അകപ്പെട്ട കുപ്പപ്പുറം സ്കൂളിലെത്തി കുട്ടികളോടൊപ്പം ഒരു ദിവസം ചെലവിടുകയും സ്കൂളിന് 5000 രൂപ സംഭാവന നൽകുകയും ചെയ്തു

ഹബീബ് റഹ്മാൻ

കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

## സ്കൂൾ കൗൺസിലിങ്.

കുട്ടികൾക്ക് നേരെ നടക്കുന്ന പീഢനങ്ങളുടെ വാർത്തകൾ പുറത്ത് വരുമ്പോൾ മാത്രം അതിനെ കുറിച്ച് ചർച്ചകൾ നടത്തുകയും അഭിപ്രായ പ്രകടനം നടത്തുകയും ചെയ്യുന്നതൊഴിച്ചാൽ നാളെ നമ്മുടെ കുട്ടികൾക്ക് ഇത്തരമൊരു അവസ്ഥ വരാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ വേണമെന്ന് മധ്യ വർഗ്ഗസമൂഹത്തിന് ഇന്നും പൂർണ്ണ ബോധ്യമില്ല.

വീടുകളിലും സമൂഹത്തിലും കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ, ഒറ്റപെടലുകൾ,വൈകാരിക സംഘട്ടനങ്ങൾ

എന്നിവയുടെ പ്രതിഫലനമാണ് അവരുടെ അളവിൽ കൂടിയ ദേഷ്യ സ്വഭാവവും,അനാവശ്യ കൂട്ടുകെട്ടുകളും. ബാല്യത്തിൽ നിന്ന് കൗമാരത്തിലേക്കും കൗമാരത്തിൽ നിന്ന് യൗവ്വനത്തിലേക്കുമുള്ള യാത്രയിൽ ശാരീരിക വളർച്ചയ്ക്കൊപ്പം തന്നെ അവരുടെ മാനസിക വളർച്ചയും ഉറപ്പാക്കേണ്ടതാണ്. മാതാപിതാക്കൾക്കും ഗുരുക്കന്മാർക്കും ഒരേ പോലെ ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്.

ഒരു സ്കൂൾ കൗൺസിലർ എന്ന നിലയിൽ കുട്ടികളുമായി നടത്തിയ സമ്പർക്കങ്ങളിലൂടെ ഞാൻ മനസ്സിലാക്കിയ ഒരു കാര്യമാണ് കൗമാരക്കാരുടെ പ്രശ്നങ്ങളിൽ ഒരു വലിയ ഘടകം വീട്ടുകാരുടെ ശ്രദ്ധക്കുറവും,പരിതാപകരമായ ബന്ധങ്ങളും ആണെന്നത് പരസ്പരം വഴക്കടിക്കുന്ന മാതാപിതാക്കളുടെ കൂടെ

ജീവിക്കേണ്ടി വരുക എന്നത് കുട്ടികളുടെ ടെൻഷൻ വർധിപ്പിക്കുന്നു.ഇതൊഴിവാക്കാനായി അവർ അനാവശ്യ കൂട്ടുകെട്ടുകളിലേക്കും മദ്യമയക്കുമരുന്നു ഉപയോഗങ്ങൾക്ക് അടിമപ്പെട്ടു പോകുന്ന ഒരു കാഴ്ച ഇന്ന് സർവ്വസാധാരണമാണ്.ഇത്തരം സന്ദർഭങ്ങളിൽ മാതാപിതാക്കൾ അവരുടെ പ്രശ്നപരിഹാരം എത്രയും വേഗം നടപ്പിലാക്കേണ്ടതാണ്.അധ്യാപകരുടേയും അതുപോലെ തന്നെ സ്കൂൾ കൗൺസിലേഴ്സിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

കുടുംബത്തിൽ നിന്നോ, സമൂഹത്തിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ നേരിട്ടുള്ള കുട്ടികളെ, അധ്യാപകരുടെയും, SMC യുടെ കൗൺസിലറിന്റെയും

കൃത്യമായ ഇടപെടലുകളിലൂടെ സംഘർഷരഹിതമാകുന്നതിനും, പ്രശ്നങ്ങളിൽ നിന്നും മോചനം നേടുന്നതിനും ശ്രമിച്ചുകൊണ്ടേയിരിക്കണ്ടത് അനിവാര്യമാണ്. കാരണം ഓരോ വിദ്യാർത്ഥിയും, നാളത്തെ പൗരന്മാരാണെന്നും, ശാരീരികവും മാനസികമാവുമായ ആരോഗ്യം രാജ്യത്തിന്റെ തന്നെ വളർച്ചയെ ബാധിക്കുന്ന നിർണ്ണായക ഘടകങ്ങൾ ആണെന്നുമുള്ള ബോധം നമുക്കേവർക്കും ഉണ്ടായിരിക്കേണ്ടതാണ്.

ശിമി ജോർജ്

സ്കൂൾ കൗൺസിലർ

## ആറാട്ടുപുഴ- പ്രാദേശിക ചരിത്രം.

### <u>ആമുഖം</u>

വിശാലമായ ചരിത്രകഥകളും സംഭവങ്ങളും ചരിത്രത്തെ സന്തുഷ്ടമാക്കിയ നായകന്മാരും നിറഞ്ഞ ഒരു ചരിത്രപുസ്തകമാണ് ആറാട്ടുപുഴ എന്ന ചെറുഗ്രാമം. ആറാട്ടുപുഴയുടെ ചരിത്രം ഈ ആമുഖത്താളുകളിൽ മാത്രം ഒതുക്കാൻ സാധിക്കില്ല. നിരവധി വ്യക്തിത്വങ്ങളുടെ സംഭാവനകളും ചെറുത്തുനിൽപ്പും സമരപ്പോരാട്ടങ്ങളും നമ്മെ അതിശയിപ്പിക്കും വിധമാണ്. അത്തരമൊരു

അതിശയത്തിന്റെ സമുച്ചയമാണ് ആറാട്ടുപുഴ. കേര വൃക്ഷങ്ങളുടെ സന്തുഷ്ടഭൂമിയായ കേദാരമായ കേരളത്തിലെ ചെറുഗ്രാമമായ ആറാട്ടുപുഴയുടെ ചരിത്രം അത്

കേരളത്തിന്റെ ചരിത്രത്തിന്റെ ശ്രദ്ധേയമായ കഥകളാണ്. ആറാട്ടുപുഴ ഗ്രാമത്തിന്റെ ചരിത്രത്തെപ്പറ്റി പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ളതും ചരിത്രകാരന്മാർ രേഖപ്പെടുത്തിയതുമായ നിരവധി കഥകളുണ്ട്. കണ്ണീരിന്റെയും നഷ്ടബോധത്തിന്റെയും മാത്രമല്ല വീര ഇതിഹാസ കഥകളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ആറാട്ടുപുഴയിലെ വലിയകാടായിരുന്ന അന്നത്തെ വീരകഥാനായകന്മാരായ ഒളിത്താവളം എന്ന് കരുതിയിരുന്നത്.

## ഭൂമിശാസ്ത്രപരമായ സവിശേഷതകൾ

വിസ്തൃതമായ കായംകുളം കായലിനും അറബിക്കടലിനും ഇടയിലായി 5 km വീതിയിലും 14 km നീളത്തിലും സ്ഥിതി ചെയ്യുന്ന ഒരു കൊച്ചുഗ്രാമമാണ് ആറാട്ടുപുഴ. അറബിക്കടലിന്റെ തിരയിളക്കവും കായംകുളം കായലിന്റെ ചിറ്റോളങ്ങളും കണ്ടു വളർന്ന ജനത ആറാട്ടുപുഴയുടെ സവിശേഷതകളാണ്. ആറാട്ടുപുഴയിലെ

കള്ളിക്കാട്, വലിയകാട്, കള്ളിമുള്ളും, കണ്ടൽചെടിതകെളും വളർന്ന് വനപ്രീതി ഉളവാക്കുന്ന സ്ഥലങ്ങൾ ആയിരുന്നു. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ വലിയഴീക്കലാണ് പൊഴി സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ കിഴക്കുഭാഗം സമുദ്രനിരപ്പിൽ നിന്നും ഒരു മീറ്റർ താഴെയും പടിഞ്ഞാറു ഭാഗം 1 മുതൽ 2 വരെ മീറ്റർ ഉയരത്തിലാണ്. കായലിനും കടലിനും ഇടയിൽ ഉണ്ടായിരുന്ന ഭൂപ്രദേശത്തിന്റെ വീതി മുക്കാൽ നൂറ്റാണ്ടു മുമ്പ് ഉദ്ദേശം രണ്ട് കിലോമീറ്റർ അധികമായിരുന്നു.

## ജനങ്ങളും ജീവിതവും

ആറാട്ടുപുഴയുടെ ഭൂതകാല സാമൂഹിക ബന്ധം ഇന്നുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നു. പൗരാണിക കാലത്ത് ബ്രാഹ്മിണരുടെയും

മറ്റ് സവർണ്ണ വർഗക്കാരുടെയും അധിവാസ കേന്ദ്രമായിരുന്നു.ആറാട്ടുപുഴ എന്നത് ചില സ്ഥലനാമങ്ങളും ചരിത്രസൂചനകളും കേട്ടറിവുകളും കൊണ്ട് മനസ്സിലാക്കാൻ സാധിക്കും.

അതിലേക്ക് വെളിച്ചം വീശുന്നവയാണ് പോരുമഠം,ഇല്ലത്തുകാട്,പുതുശശ്ശേരിമഠം,മാടത്തിൽകിഴക്കത്തിൽ,പനയ്ക്കൽ തുടങ്ങിയവ.ആറാട്ടുപുഴയുടെ ഭൂതകാല സാമൂഹിക ബന്ധം ഇന്നുള്ളതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നു.പൗരാണിക കാലത്ത് ബ്രാഹ്മിണരുടെയും

മറ്റ് സവർണ്ണ വർഗക്കാരുടെയും അധിവാസ കേന്ദ്രമായിരുന്നു.ആറാട്ടുപുഴ എന്നത് ചില സ്ഥലനാമങ്ങളും ചരിത്രസൂചനകളും കേട്ടറിവുകളും

മനസ്സിലാക്കാൻ സാധിക്കും.അതിലേക്ക് വെളിച്ചം വീശുന്നവയാണ് പോരുമഠം,ഇല്ലത്തുകാട്,പുതുശശ്ശേരിമഠം,മാടത്തിൽകിഴക്കത്തിൽ,പനയ്ക്കൽ തുടങ്ങിയവ.ഇവയൊക്കെ കടല് കയറി നശിച്ചെന്നും പറയുന്നു.

അന്നുണ്ടായിരുന്ന സവർണ്ണർ മറ്റ് പ്രദേശങ്ങങ്ങളിലേക്ക കുടിയേറിയതായി കരുതുന്നു.ഇവിടുത്ത ജനങ്ങൾ അധികവും കൃഷി,മൽസ്യബന്ധനം  തുടങ്ങിയ മേഖലകളെ ആശ്രയിച്ച ജീവിക്കുന്നവരാണ്.

## സ്ഥലനാമ ചരിത്രം

ആറാട്ടുപുഴ  എന്ന ദേഷത്തിന്റെ സമീപ പ്രദേശങ്ങളാണ് തൃക്കുന്നപ്പുഴ, പെരുമ്പള്ളി, കാർത്തികപ്പള്ളി തുടങ്ങിയവ. സ്ഥലനാമങ്ങളുടെ അവസാന ഭാഗത്ത് പുഴ, പള്ളി, എന്നീ വാക്കുകൾ ഉണ്ടെങ്കിൽ നിശ്ചിയമായും അതൊരു ബുദ്ധമത വിശ്വാസികളുടെ അധിവാസ കേന്ദ്രമായിരുന്നു എന്ന് ഉറപ്പാണ്. ആയതുകൊണ്ട് ബുദ്ധമതവുമായി

ബന്ധപ്പെട്ടാകാം ആറാട്ടുപുഴയിലെ 'പുഴ' എന്ന ഭാഗം ഉണ്ടായത് എന്ന് അനുമാനിക്കാം. ക്ഷേത്രാചരങ്ങളുമായി ബന്ധപ്പെട്ട് ആറാട്ട് നടത്തുന്നതിന്റെ ഭാഗമായി ഉണ്ടായതോ കയർ വ്യവസായത്തിന്റെ ഭാഗമായി ഈ ദേശം പണ്ടുമുതലേ അറിയപ്പെടുന്നതിനാല്ലോ ആകാം ആറാട്ട് എന്ന വാക്കുണ്ടായത്.

## ചാലകശക്തികൾ

ആറാട്ടുപുഴയിൽ പ്രാപത്തോടെ വാണിരുന്ന പെരുമാൾ ചേകവരെന്ന് വിളിച്ച പെരുമാളച്ഛന്റെ വലിയ കടവു  വീട് കടലെടുത്തത് 108-ാം ആണ്ടിലാണ്. ഈ വലിയ കടുംബത്തിന്റെ ഏക അവകാശമായിരുന്നു ആറാട്ടുപുഴ വേലായുധപ്പണിക്കർ.

പെരുമാൾ ചേകവരുടെ മൂത്ത പുത്രിയെ വിവാഹം കഴിച്ചത് കായംകുളം എരുവയിലെ ഗോവിന്ദപ്പണിക്കർ ആയിരുന്നു. ഈ ദമ്പതികളുടെ മൂന്നാമത്തെ പുത്രനായിരുന്നു വേലായുധപ്പണിക്കർ. ആ കുഞ്ഞുനെ ചെറുപ്പം മുതലേ വ്യാകരണവും സംസകൃതവും

പഠിപ്പിച്ചു. 16-ാം വയസ്സിൽ കല്ലശ്ശേരിയിലേക്ക് താമസം മാറ്റി. ഇവിടെ താമസിച്ചുകൊണ്ടാണ് ശിവപ്രതിഷ്ഠ നടത്തിയത്. ഇത് കേരള ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു. ഈ ക്ഷേത്രം ഇന്ന് ഇടക്കാട് ജ്ഞാനേശ്വര ക്ഷേത്രം എന്നിറിയപ്പെടുന്നു. ഈ ക്ഷേത്രം ഇന്ന് പൊതുജനങ്ങളുടെ നിയന്ത്രണത്തിലാണ്.

21-ാം വയസ്സിൽ വാരണ വള്ളിയിൽ നിന്ന് വെളുമ്പി എന്ന യുവതിയെ വിവാഹം കഴിച്ചു. അന്നത്തെ കാലഘട്ടത്തിൽ അവരണരുടെ മേൽ നിരവധി അനാചാരങ്ങൾ അടിച്ചേൽപ്പിച്ചു.

ബ്രാഹ്മണവേഷത്തിൽ വൈക്കത്തെത്തിയ വേലായുധപ്പണിക്കർ വൈക്കത്തപ്പന്റെ സന്നിധിയിൽ താമസിച്ചുകൊണ്ട് താഴ്ന്ന ജാതിക്കാർക്ക് നിഷേധിച്ചിരുന്ന ക്ഷേത്രനിർമ്മാണവും ആചാരങ്ങളും പഠിച്ചു. ഒടുവിൽ  നാട്ടിലേക്ക് മടങ്ങുന്നതിന് മുൻപ് ഒരു താഴ്ന്ന ജാതിക്കാർ ക്ഷേത്രത്തിൽ പ്രവേശിച്ചാൽ എന്ത് പരിഹാരം നിർദ്ദേശിക്കും ചെയ്യണമെന്ന് ചോദിച്ചു. അധികാരി അതിനുള്ള പരിഹാരം നിർദ്ദേശിച്ചു. അതിനായി 100 രൂപയും സ്വർണ്ണനാണയങ്ങളും കൊടുത്തിട്ട് വേണ്ട പരിഹാരം ചെയ്തു കൊള്ളുക എന്ന് പറഞ്ഞ് അദ്ദേഹം നാട്ടിലേക്ക് മടങ്ങി. നാട്ടിൽ തിരിച്ചെത്തി മംഗലം എന്ന സ്ഥലത്ത് ഇടക്കാട് എന്ന ക്ഷേത്രം നിർമിച്ചു. 1026 മേടമാസം 6-ാം തീയതി മാവേലിക്കരയിൽ നിന്ന് ഗുരുക്കൾ വന്ന് പ്രതിഷ്ഠ നടത്തി. അങ്ങനെ ആദ്യ ഈഴവ ക്ഷേത്രം ഉണ്ടായി.

വിലക്ക് ലംഘനത്തിന്റെ വിഗ്രഹ പ്രതിഷ്ഠയാണ് മംഗലത്ത് നടന്നത്. ഇതിൽ ബാക്കിയാണ് 1888-ൽ അരുവിപ്പുറത്ത് നടന്നത്. ഇത് ശ്രീ നാരായണ ധർമ്മത്തിനു തുടക്കം കുറിച്ചു.

മഹാക്ഷേത്രത്തിലെപ്പോലെ കൊടിയേറ്റ്, വേലിവിളക്ക്, ആനപ്പുറന്നെള്ളിപ്പ് എന്നിവ ഇവിടെയും ഏർപ്പെടുത്തി. ബ്രാഹ്മർക്ക് താമസസൗകര്യം ഒരുക്കി. സവ ർണ്ണക്ഷേത്രത്തിലെ നടപടികൾ ഈ ക്ഷേത്രത്തിലും ഏർപ്പെടുത്തി. പണിക്കർ പ്രതിഷ്ഠ

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

നടത്തിയതിനെതിരെ സവർണ്ണർ ചെമ്പകശ്ശേരി രാജാവിന് പരാതി നൽകി. വിവരം തിരക്കിയ രാജാവിനോട് താൻ ഈഴവ ശിവനെയാണ് പ്രതിഷ്ഠിച്ചതെന്ന് പണിക്കർ മറുപടി നൽകി.

മംഗലം ഇടക്കാട് ക്ഷേത്രം ശ്രീ നാരായണഗുരു നിരവധി തവണ സന്ദർശിച്ചിട്ടുണ്ട്. പ്രശാന്ത സുന്ദരമായ ഇവിടെയിരുന്ന  അദ്ദേഹം ഭാവിയിലോകത്തെപ്പറ്റി സ്വപ്നം കണ്ടു കാണും. കൂടാതെ ശ്രീ നാരായണഗുരു തനിക്ക് ധ്യാനിക്കാൻ ഈ ക്ഷേത്രത്തിൽ ഇടം തരുമോ എന്ന് ആവശ്യപ്പെട്ടപ്പോൾ ഇവിടുത്തെ സവർണർ എതിർത്തു ഇതേ തുടർന്നാണ് ശ്രീ നാരായണഗുരു ശിവഗിരിയിൽ എത്തിയതെന്നും പറയുന്നു.

പണിക്കർ നാട്ടുകാരുടെ ഒരു യോഗം വിളിച്ചു കൂട്ടി. ആ യോഗത്തിൽ ഒരു ആഖ്യാനം നടത്തി. നാം സവർണ്ണരുടെ അടിമകളാണെന്ന് ഓർക്കണം. നമുക്ക് ഒരവകാശവും ഈ സമൂഹത്തിൽ ഇല്ല. മൃഗങ്ങളേക്കാൾ കഷ്ടതയിൽ കഴിയുന്നു. ഈ വ്യവസ്ഥിതി തകർക്കണം ഇതിന് ആരൊക്കെ? പണിക്കരുടെ ഈ വാക്കുകൾ കേട്ട് മുന്നോട്ട് വന്ന യുവാക്കളെ ഒരുവർഷം ആയുധമുറകൾ പഠിപ്പിച്ചു. അതിനു ശേഷം വാരണ വള്ളി കളരി സ്വാപിച്ചു പിന്നീട് സമരമുറിലൂടെയുള്ള യാത്രയിലൂടെ പണിക്കറും യോദ്ധാക്കളും നിലവിലുള്ള വ്യവസ്ഥിതിയിൽ മാറ്റം വരുത്തി.

## പരദേശ ബന്ധം

കറുത്തപൊന്നും  സുഗന്ധവ്യഞ്ജനങ്ങളും തേടി വിദേശിയരായ അറബികളും അവർക്കു പിന്നാലെ പോർച്ചുഗീസുകാരും ഡച്ചുകാരും

ഇംഗ്ലീഷുകാരും ആറാട്ടുപുഴയിലെത്തി.മതപ്രചരണത്തിനും കച്ചവടത്തിനും വേണ്ടി വന്നവർ ആണിവർ.കച്ചവടക്കണ്ണുള്ള കച്ചിക്കാരായ

സേട്ടുമാരും പണിശാലകൾ കെട്ടി കച്ചവടം നടത്താനായി ധാരാളം ആറാട്ടുപുഴയിലെത്തി കൂടാതെ സ്വന്തം പായ്ക്കപ്പലുകൾ ഉപയോഗിച്ചു വിദേശിയ

രാജ്യങ്ങളുമായി കച്ചവട ബന്ധത്തിൽ ഏർപ്പെട്ടു ഈഴവ മുസ്ലിംകുടുംബങ്ങളുടെ തായ്‌വഴികൾ ഇന്നും ആറാട്ടുപുഴയിലും പരിസരങ്ങളിലും ഉണ്ട്.തിരുവിതാംകൂറിലെ

വലിയ ദിവാൻജി എന്നറിയപ്പെടുന്ന രാജാകേശവദാസൻ ആലപ്പുഴയിൽ കടൽപ്പാലം നിർമ്മിച്ച്  ൽ തുറമുഖം സ്ഥാപിച്ചു.ആറാട്ടുപുഴയിൽ തമ്പടിച്ചിരുന്ന കച്ചിക്കാരായ സേട്ടുമാരെ അവിടേക്കാകർഷിച്ചു. അതുവരെ ആറാട്ടുപുഴയുടെ പ്രശസ്തി നിലനിന്നു.അന്ന് വിദേശിയ ശില്പമാതൃകയിൽ നിർമിച്ച ക്രിസ്ത്യൻ പള്ളി കടലുകയറിപ്പോയി,എങ്കിലും കള്ളിക്കാട്ടെ ക്രിസ്ത്യൻപള്ളി പഴമയുടേയും മതസൗഹൃതത്തിന്റെയും പ്രതീകമായി ഇന്നും നിലനിൽക്കുന്നു.  ഇതിന്റെ കിഴക്കുവശത്തെ കടവിനെ പള്ളിക്കടവ് എന്നും പറയുന്നു.

## ചരിത്രശേഷിപ്പുകൾ

അക്കാലഘട്ടത്തിൽ ഒരു പ്രധാന സ്മാരകമായി ഇന്നും നിലകൊള്ളുന്നത് അഞ്ചൽപ്പെട്ടിയാണ്. അന്നത്തെ തപാൽ ആവശ്യങ്ങൾ നടത്തിയിരുന്നത് ഇതിലൂടെയാണ്. 1852-ൽ വേലായുധപ്പണിക്കർ സ്ഥാപിച്ച മംഗലം ജ്ഞാനേശ്വര ക്ഷേത്രം തൃക്കുന്നപ്പുഴ ശ്രീ ധർമ്മശാസ്താ ക്ഷേത്രം എന്നിവ ഹിന്ദു ആരാധനാലയത്തിന് ഉദാഹരണമാണ്. മതസൗഹാർദത്തിന് ഏറ്റവും ഉത്തമ ഉദാഹരണമാണ് st. സെബാസ്റ്റ്യൻസ് പള്ളി. വെളുത്തച്ചന്റെ പള്ളി. ഇതൊരു ക്രിസ്ത്യൻ ആരാധനാലയമാണ്.

# ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ സമരചരിത്രം

## ഏത്താപ്പ് സമരം

കായംകുളത്ത് പൊതുനിരത്തിൽ സ്ത്രീകൾ മാറുമറയ്ക്കുവാൻ പാടില്ലായിരുന്നു. എന്നാൽ ഒരു ഈഴവ സ്ത്രീ നാണം മറയ്ക്കുവാനായി മാറിൽ തുണി ഇട്ടു ഇത് ജാതി ഹിന്ദുക്കൾക്കും അവരുടെ വലം കൈയായിരുന്ന മുസ്ലീംങ്ങൾക്കും സഹിക്കില്ല. അവർ സ്ത്രീയുടെ



***ആറാട്ടുപുഴ വേലായുധപ്പണിക്കർ (1825-1874)***

മാറിൽ കിടന്ന തുണി വലിച്ചു കീറിമാറിൽ വെള്ളാക്കാമൊട്ടു ഘടിപ്പിച്ച് അപമാനിച്ചു. ഇതറിഞ്ഞ പണിക്കർ തന്റെ

അനുയായികളുമായി നിറയെ കുറിയ മുണ്ടും സംഘടിപ്പിച്ച് കായംകുളത്തെത്തി. സ്ത്രീകളെയെല്ലാം വിളിച്ചുകൂട്ടി മേൽമുണ്ട് ധരിപ്പിച്ച് ജാഥ നടത്തി.

## കർഷക തൊഴിലാളിസമരം

കർഷക തൊഴിലാളികളെ സങ്കടിപ്പിച്ചുകൊണ്ടു വേലായുധപണിക്കർ നടത്തിയ പണിമുടക്കാണ് ചരിത്രത്തിലെ ആദ്യ കർഷക തൊഴിലാളി സമരം. ഇടതുവശം ചായിച്ച് മുണ്ടുടുക്കാനോ മുട്ടിനു താഴെ തുണിയുടുക്കാനോ അവകാശം അവർണ്ണർക്കിലായിരുന്നു.കായംകുളത്തിനു

വടക്കു പത്തിയൂരിൽ വീതികൂടിയ കരയുള്ള മുണ്ട് ഇറക്കി ഉടുത്ത് വയൽ വരമ്പിലൂടെ നടന്ന ഈഴവ സ്ത്രീകളെ പ്രമാണിമാർ അധിക്ഷേപിച്ചതു പണിക്കാരെ പ്രകോപിപ്പിച്ചു ജന്മിമാരുടെ പറമ്പിൽ പണിയെടുക്കുന്നവർ നാളെ മുതൽ പണി ചെയ്യരുതെന്ന് പണിക്കർ പറഞ്ഞു. ഇതനുസരിച്ചു അവർ പണിക്കു പോയില്ല.ഇതോടെ ജന്മിമാരുടെ നില പരുങ്ങലിലായി.

തൊഴിലാളികൾക്ക് ആഹാരത്തിനുള്ള വക പണിക്കർ കൊടുത്ത്.മറ്റ് താലൂക്കുകളിൽനിന്നു തൊഴിലാളികളെ കൊണ്ടുവരാൻസവർണ്ണർ ശ്രമം നടത്തി.അങ്ങനെ കൊണ്ട് വരുന്നവരെ കൊന്നുകളയുമെന്ന് പണിക്കർ പറഞ്ഞു.സമരം ശക്തി പെട്ടപ്പോൾ ജന്മിമാർ പരസ്യമായി മാപ്പ് പറഞ്ഞു.അവഹേളിക്കപ്പെട്ട സ്ത്രീകൾക്ക് പ്രായശ്ചിത്തമായി മുണ്ട് വാങ്ങി കൊടുക്കാൻ പണിക്കർ കല്പിച്ചു.ഇത് ജന്മിമാർ അനുസരിക്കുകയും ചെയ്തു.

## മൂക്കുത്തി സമരം.

പന്തളത്തിനടുത് മീക്കത്തി ധരിച്ച് വഴിയെപോയ സ്ത്രീയുടെ മൂക്കത്തി വലിച്ചെടുത്ത് മൂക്ക് വ്രണപ്പെടുത്തി. ഇതറിഞ്ഞ ഉടനെ പണിക്കർ സ്വർണ്ണപണിക്കാരെ വിളിച്ച് 1000 മൂക്കത്തികൾ പണിതെടുത്തു. ഇതുമായി അദ്ദേഹം പന്തളത്തെത്തി താഴ്ന്ന ജാതിക്കാരെ വിളിച്ചുകൂട്ടി സ്വർണ്ണമൂക്കത്തി ധരിപ്പിച്ചു.

ഇവരെ ആരും അപമാനിക്കാതിരിക്കാൻ പണിക്കരും അവിടെ താമസിച്ചു. പിന്നീടൊരിക്കലും അവിടെ സ്ത്രീകളെ നേരെ യാതൊരു ആക്രമണപ്രവർത്തനങ്ങളും നടന്നില്ല.

## മറ്റ് സമരകഥകൾ

പിന്നീടുള്ള കാലഘട്ടങ്ങളിൽ ആറാട്ടുപുഴയിൽ സമരങ്ങളുടെ നീണ്ട ചരിത്രമാണ് സംഭവ്യമായത്. കർഷകതൊഴിലാളി സമരങ്ങൾ, മറ്റ് അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങൾ. ഇത്തരത്തിലുള്ള നിരവധി സമരങ്ങളിലൂടെ ആറാട്ടുപുഴയിലെ

ജനങ്ങളുടെ അവകാശങ്ങൾ നിറവേറുവാൻ തുടങ്ങി. ഈ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയവരിൽ പ്രധാനിയായിരുന്നു P R വാസു.

P R വാസുവിന്റെ നേതൃത്വത്തിൽ നടന്ന കുട്ടികിടപ്പ് സമരം പ്രശസ്തമാണ്. കയർതൊഴിലാളികൾ, കർഷകതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ എന്നീ തരത്തിലുള്ള തൊഴിലാളികൾക്ക് അവകാശങ്ങൾ നിറവേറുന്നതിനുവേണ്ടി തങ്ങളുടെ ജീവൻബലികഴിപ്പിച്ച എത്രയെത്ര പേർ. സവർണ്ണ ബ്രിട്ടീഷ് വർഗ്ഗത്തിന്റെ ആഡംബരത്തിനും അധികാരത്തിനുമേലുള്ള വിലങ്ങായിരുന്നു ആ സമരങ്ങൾ. പോലീസിന്റെ ക്രൂരമർദനത്തിന് ഇരയാകേണ്ടിവന്ന ജനങ്ങളുടെ എണ്ണം അതിലുപരി. P R വാസുവിന്റെ നേതൃത്വത്തിൽ കള്ളിക്കാട് നടന്ന വെടിയേറ്റ് ശ്രീ നീലകണ്ഠനും ശ്രീമതി ഭാർഗവിയും രക്തസാക്ഷിയായി. ഇത് ഫ്യൂഡൽ ജർമിത്വത്തെ ഇല്ലാതാക്കി. ഇതിന് ഭൂപരിഷ്ക്കരണം ഒരു പരിധി വരെ സഹായകമായി.

ആറാട്ടുപുഴ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വില്ലേജ് യൂണിയൻ നിലവിൽ വന്നിരുന്നു. N നാരായണനായിരുന്നു വില്ലേജ് യൂണിയന്റെ ആദ്യ പ്രസിഡന്റ്. പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ആദ്യ പ്രസിഡന്റായിരുന്നു K G നാരായണൻ. 1955-57 വരെ അദ്ദേഹം വില്ലേജ് യൂണിയന്റെ അധികാരത്തിലായിരുന്നു. K G നാരായണൻ ദേവസ്വം ബോർഡ് അംഗമായിരുന്നു. ഈ കാരണത്താൽ അദ്ദേഹത്തിന് പ്രസിഡന്റ് സ്ഥാനത്തിൽ തുടരാനായില്ല. തുടർന്ന് M ഉസ്മാൻ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് M ഗോപി, M V കുമാരൻ എന്നിവർ പ്രസിഡന്റായി. 1979-ൽ നടന്ന തിരഞ്ഞെടുപ്പിൽ P R വാസുവും 1989-ൽ ജലീലും, 1995-ൽ സദാശിവനും പ്രസിഡന്റായി.

## രാഷ്ട്രീയചരിത്രം

ഇന്ത്യയുടെ സ്വാതന്ത്ര്യ ചരിത്രത്തിൽ ആറാട്ടുപുഴ അതിന്റേയായ സംഭാവന നൽകിയിട്ടുണ്ട്.മേൽ പറഞ്ഞയെല്ലാം പൂർവകാല പൈതൃകത്തിന്റെ സ്മരണെങ്കിൽ ദേശീയ പ്രസ്ഥാനത്തിന്റെയും ബഹുജനമുന്നേറ്റത്തിന്റയും വിജയഗാഥ നമുക്ക് മുന്നിലുണ്ട്.

തിരുവിതാം കൂറിലെ ആദ്യ ജനകീയ മാന്ത്രിസഭയിൽ അംഗമായിരുന്ന a അച്ചുതൻ, മാനവന്യാൽകുട്ടൻതമ്പി,പള്ളിക്കടവിൽ DR.PR പരമേശ്വരൻ,ഗംഗാധരൻ,കരുണാകര ാൻ,ഭാസ്കരൻ,TK ദിവാകരൻ തമ്പി,സുകുമാരൻ എന്നിവർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്.

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ നേതൃത്വത്തിഷൽ "സമഭാവിനി "എന്ന യുവജം രൂപീകരിക്കുകയും എല്ലാ തീരുമാനങ്ങൾക്കും അതിതമായി ജനങ്ങളെ സമാഭവിനിയുടെ കീഴിൽ അണിനിരക്കുകയും കടലിൽ നിന്ന് തുരുത്തിലേക്ക് ബലവത്തായ ചിറകെട്ടി.ദേശീയ പ്രസ്ഥാന കാലഘട്ടത്തി. നടന്ന പ്രധാന സംഭവമാണിത്.

തിരുവിതാം കൂറിലെ പട്ടം താണം താണുപിള്ളയുടെ നേതൃന്വത്തിലുള്ളയുടെ മന്ത്രിസഭയിൽ ടാനസ്പോട്ട് തൊഴിൽ വകുപ് മന്ത്രി ആയിരുന്ന A.അച്യുതൻ ആറാട്ടുപുഴയിൽ വൈദ്യുതിയും കടൽപ്പാലവും സ്ഥാപിക്കാൻ ശ്ലാപാനീയ ശ്രമം നടത്തി.C.കേശവൻ മന്ത്രി സഭാകാലത്ത് കടപ്പാലം നിർമിച്ചു.

## സംഭാവനകൾ

കഥകളിയുടെ രംഗത്ത് അഭിമാനിക്കാനുള്ള വക ആറാട്ടുപുഴയ്ക്കുണ്ടായിരുന്നു. ഈ രംഗത്ത് അറിയപ്പെട്ട കാലകാരന്മാരായിരുന്ന കാലവനിയ്ക്കുള്ളിൽ മറഞ്ഞ കണ്ടത്തിൽ വേലായുധനും കറുത്ത കൊച്ചും. കഥകളി പ്രാൽസാഹിപ്പിക്കുന്നതിനായി വേലായുധന്റെ നേതൃത്വത്തിൽ കള്ളിക്കാട് കേരള കലാനിലയം സ്ഥാപിച്ചു.

ക്ഷേത്രയോഗം വകയായി വേലായുധപ്പണിക്കർ കഥകളിയോഗം സ്ഥാപിച്ച ചെമ്പകശ്ശേരി രാജാവിന്റെ കൊട്ടാരം വിചാരിപ്പ്കാരനായ അമ്പലപ്പുഴ മാധവക്കുറുപ്പിനെ വരുത്തി മംഗലത്തെയും അടുത്തുള്ള സ്ഥലങ്ങളിലെയും ജനങ്ങളെ വിളിച്ച് കഥകളി തുടങ്ങി. 1936-ൽ കച്ചകെട്ട് നടത്തി 1937-ൽ അരങ്ങേറ്റം നടത്തി.

പണിക്കർ കഥകളിയോഗം സ്ഥാപിച്ചപ്പോൾ പച്ച തേച്ച് രാജാക്കന്മാരെയും ദേവന്മാരെയും അവതരിപ്പിച്ചത് സവർണ്ണർക്ക് രസിച്ചില്ല. അവർ ഈഴവർക്കെതിരെയും പണിക്കർക്കെതിരെയും കേസ് കൊടുത്തു.

കോട്ടയത്ത് ആർമൂക്കര ചക്കാശ്ശേരി പണിക്കർ മുമ്പ് കച്ചകെട്ടി കഥകളി നടത്താൻ തുടങ്ങിയപ്പോൾ സവർണ്ണരുടെ എതിർപ്പ് മൂലം നടത്താൻ കഴിഞ്ഞില്ല.

പണിക്കരെയും സവർണർ എതിർത്തു. ഒടുവിൽ ദിവാൻ M മാധവറാവു ഇരുക്കൂട്ടരെയും വിളിച്ച് വാദം കേട്ട് പണിക്കർക്ക് അനുകൂലമായി വിധിച്ചു. അങ്ങനെ പണിക്കർ കഥകളിയോഗം തുടർന്നു.

മംഗലത്ത് നാമ്പെടുത്ത പ്രസ്ഥാനത്തെ പിൻപറ്റി നിരവധി യോഗങ്ങൾ ഉടലെടുത്തു. തെക്കൻ മേഖലയിലെ ശ്രീ. കുറിയപ്പശ്ശേരി ക്ഷേത്രത്തിലും കഥകളിയോഗം ഏർപ്പെടുത്തി. കടലുകയറി നശിച്ച ഈ ക്ഷേത്രത്തിന് 800 വർഷം പഴക്കമുണ്ട്. ഇവിടെ ഇന്നും ക്ഷേത്രോൽസവത്തോടനുബന്ധിച്ച് കഥകളി നടത്തുന്നു. കാവ്യരംഗത്തെ സൂര്യവാസുവും M K വാസുദേവനും സ്മരണീയരാണ്.

നാടൻ കലയോടൊപ്പം നാടക പ്രസ്ഥാനത്തിന്റെ ശോഭനീയമായ ഒരു കാലഘട്ടത്തിന് ആറാട്ടുപുഴ സാക്ഷ്യം വഹിച്ചിട്ടുണ്ട്. നാടക പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സംഭാവന നൽകിയവരിൽ പ്രമുഖരാണ് K K കുന്നത്ത്, M S കൃഷ്ണൻകുട്ടി, P K ബാലകൃഷ്ണൻ, മണ്ണേൽസുകുമാരൻ തുടങ്ങിയവർ. ആധുനിക സാംസ്കാരിക രംഗത്തെ PRF രാജീവൻ,

ഹൗസിംഗ് ബോർഡ് ചെയർമാനായിരുന്ന M ഗോപി, പത്രപ്രവർത്തകനായിരുന്ന T K ഗോപി എന്നിവർ ഈ നാടിന്റെ സംഭാവനകളാണ്.

## ഉപസംഹാരം

ആറാട്ടുപുഴ പഞ്ചായത്തിന്റെ ചരിത്രപശ്ചാത്തലം പൂർണമായില്ലെങ്കിലും സാമാന്യ രീതിയിൽ പ്രതിപാദിച്ചിട്ടുണ്ടെന്ന് കണക്കാക്കാം.കാലഗതിയിൽ തപ്പിയും തടഞ്ഞും മുന്നോട്ട് പോകുമ്പോൾ ഒന്നു തിരിഞ്ഞ് നോക്കിയാൽ ഭൂതകാല സാമൂഹിക രാഷ്ട്രീയ രംഗത്തെ വളർച്ച നമ്മെ ചാരിതാർത്ഥ്യം ഉള്ളവരാക്കി മാറ്റും.ഉൽപ്പാദന മേഘല

മുരടിക്കുന്നു,തൊഴിലില്ലായ്മ തുടരുന്നു,സ്ത്രീ പീഡനവും അവരോടുള്ള അവഹേളനവും വർധിക്കുന്നു.മതനിര വേക്ഷതയുടെ മുന്നിലുള്ള വെല്ലുവിളികൾ ഭൂഷണമല്ല. കാർഷിക മേഘല ഉത്തേജിപ്പാൽ മാത്രമേ സാമ്പത്തിക വളർച്ച കൈവരിക്കാൻ സാധിക്കൂ. തൊഴിലില്ലായ്മ പരിഹരിക്കണം ഇതിലൂടെ ഇച്ഛാശക്തിയുള്ള യുവതലമുറയെ വാർത്തെടുക്കാൻ സാധിക്കും.എങ്കിൽ മാത്രമെ നല്ലൊരു സംസ്കാരം കൈവരിക്കാൻ സാധിക്കൂ.ഇത് നേടാനുള്ള ഊർജ്ജം സമ്പന്നമായ ഭൂതകാലത്തിൽ നിന്ന് സമാഹരിക്കാമെന്ന ദൃഢ നിശ്ചയത്തോടെ നമുക്ക് ഒരുമിച്ച് മുന്നേറാം..........

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# POETRY

And it was at that age ... Poetry arrived
in search of me. I don’t know, I don’t
know where
it came from, from winter or a river.
I don’t know how or when,
no they were not voices, they were not
words, nor silence,
but from a street I was summoned,
from the branches of night,
abruptly from the others ,
among violent fires
or returning alone,
there I was without a face
and it touched me.

I did not know what to say, my mouth
had no way
with names,
my eyes were blind,
and something started in my soul,
fever or forgotten wings,
and I made my own way,
deciphering
that fire,
and I wrote the first faint line,
faint, without substance, pure
nonsense,
pure wisdom
of someone who knows nothing,
and suddenly I saw
the heavens
unfastened and open,
planets,
palpitating plantations,
shadow perforated,
riddled
with arrows, fire and flowers,
the winding night, the universe.

And I, infinitesimal being,
drunk with the great starry
void,
likeness, image of
mystery,
felt myself a pure part
of the abyss,
I wheeled with the stars,
my heart broke loose on the wind.

Mohammed Adnan Nishad
IX A

## Song of the flower

I am a kind word uttered and repeated
By the voice of Nature;
I am a star fallen from the
Blue tent upon the green carpet.

I am the daughter of dawn
With whom winter conceived;
To whom Spring gave birth; I was
Reared in the lap of summer and I
Slept in the bed of Autumn.

At dawn I unite with the breeze
To announce the coming of light;
At eventide I join the birds
In bidding the light farewell.

The plains are decorated with
My beautiful colours,and the air
is scented with my fragrance.

As I embrace slumber the eyes of
Night watch over me,and as I
A waken I stare at the sun, which is
The only eye of the day.
I drink dew for wine,and hearken to
The voice the bird,And dance
to the rhythmic swaying of the grass .

But i look up high to see only the light,
And never look down to see my shadow
This is wisdom which man must learn.

ABHIN ANILKUMAR
IX- A

## MOTIVATIONAL QUOTES

- **Education is the key to success in life, and teachers make a lasting impact in the lives of their students.**

- **Security is mostly a superstition. It does not exist in nature, nor do the children of men as a whole experience it. Avoiding danger is no safer in the long run than outright exposure. Life is either a daring adventure, or nothing.**
- **Smiling is definitely one of the best beauty remedies. If you have a good sense of humour and a good approach to life, that's beautiful.**

- **Only I can change my life. No one can do It for me.**

**SHARUKH SHAREEF**

# മറുമൊഴി

ഒളി പൂർണ്ണതയിൽ

എത്തിക്കുന്നതിൽ മംഗലം സ്കൂളിലെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും

ഞങ്ങൾക്ക് പ്രചോദനവും വിലയേറിയ

അഭിപ്രായങ്ങളും നൽകിയ പ്രഥമ

അധ്യാപകർക്കും മറ്റ്

സുമനസ്സുകൾക്കും നന്ദി, നന്ദി



**ലിറ്റിൽ കൈറ്റ്സ് ക്ലബ്**

**ജി. എച്ച്. എസ്. മംഗലം**

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



## ലിറ്റിൽ കൈറ്റ്സ്

## എഡിറ്റോറിയൽ ബോർഡ്